
# ബൈബിൾ സ്റ്റാൻഡാർഡ്

BIBLE STANDARD (Malayalam)
BI-MONTHLY

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമേ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 933**

ഉൾപേജുകളിൽ.... പേജ്

ക്രിസ്ത്യാനിയുടെ പോരാട്ടം ................................ 2
വിവിധ തരം പുനഃരുത്ഥാനം............................10
അനുഭവങ്ങൾ....................................................16
ഹല്ലേലുയ്യാ ഗായകസംഘവും വരുവാനുള്ള യുഗങ്ങളും ....................................................... 23

VOL - XV, ISSUE 6 NOVEMBER - DECEMBER 2022

# ക്രിസ്ത്യാനിയുടെ പോരാട്ടം

## THE CHRISTIAN'S WARFARE

**"ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നെ" – 2 കൊരി. 10:4 (ASV)**




പ്രിയ സഹോദരന്മാരെ, ഇത് നമ്മുടെ പരീക്ഷാ കാലമാണ്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായ ദാസന്മാർക്ക് കൃപ മതിയായതെന്നും. അത് വിശ്വസ്തർക്ക് എപ്പോഴും സമൃദ്ധമാണെന്നും വിശ്വസിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അത് അധികമായി ലഭിക്കുന്നു എന്നല്ല, മറിച്ച് വിശ്വസ്തതയോടെ വിനിയോഗിക്കുമ്പോൾ അത് അവരുടെ ആവശ്യങ്ങൾക്ക് മതിയായതാകും.

അതുകൊണ്ടുതന്നെ, ഇത് വിശ്വസ്തതയോടെ വിനിയോഗിക്കാതിരിക്കുമ്പോൾ പിശാചും, ലോകവും, ജഡവും അതൊരു അവസരമായി പ്രയോജനപ്പെടുത്തുന്നു. നാം ഊർജ്ജസ്വലരായി അവയെ പുറത്താക്കുകയും നമ്മുടെ വിശ്വസ്തത പുതുക്കുകയും ചെയ്തില്ലെങ്കിൽ, അതുവഴി നമ്മുടെ പരീക്ഷാ സമയത്ത് നാം പരാജയപ്പെടും. നാം വിജയിക്കുമോ ഇല്ലയോ എന്നത് ദൈവത്തിന്റെ ക്രമീകരണത്തിൻ കീഴിൽ നമ്മെ ആശ്രയിച്ചിരിക്കും. നാം പരാജയപ്പെട്ടാൽ ആ പരാജയം എത്ര വലുതായിരിക്കും, നാം വിജയിച്ചാൽ ആ വിജയം എത്ര വലുതായിരിക്കും! ആകയാൽ നാം കർത്താവിന്റെ വിശ്വസ്തതയുടെ ആത്മാവിനാൽ സായുധരാവുകയും കർത്താവ് നമ്മെ വിളിച്ചിരിക്കുന്ന നല്ല പ്രവൃത്തിയിൽ ഊർജ്ജസ്വലതയോടെ മുന്നേറുകയും ചെയ്യില്ലേ? ഈ ലേഖനം പ്രത്യേകമായി ചർച്ച ചെയ്യുന്ന ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ സവിശേഷതയിലും അതോടൊപ്പം അതിന്റെ എല്ലാ ശുശ്രൂഷയുടെ സവിശേഷതയിലും ഈ ആത്മാവിനാൽ നാം സായുധരാകണം. നമ്മുടെ മഹാവലിയ നായകൻ ശത്രുവിനെതിരെ നമ്മെ നയിക്കുന്നതിനാൽ "വരിവരിയായി മുന്നോട്ട്" എന്നതാണ് നമ്മുടെ ആപ്തവാക്യം. "ക്രിസ്തീയ പോരാളികൾ മുന്നോട്ട്" എന്ന ഗീതത്തിന്റെ ആത്മാവിനാൽ നമുക്ക് നിറയാം.

"ക്രിസ്തീയ പോരാളികൾ മുന്നോട്ട്" എന്ന് അനേകർ പാടുന്നു, എന്നാൽ ആ വാക്കുകളുടെ അർത്ഥം കൃത്യമായി മനസിലാക്കുകയോ ക്രിസ്തീയ പോരാട്ടത്തിന്റെ പ്രാധാന്യം മനസിലാക്കുകയോ ചെയ്യുന്നില്ല. എന്നാൽ ഇത് സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിന്റെ ആവിഷ്ക്കരിക്കാവുന്നതിൽ ഏറ്റവും ഉയർന്നതും ഉത്തമവുമായ അർത്ഥമാണ്. സാംസ്കാരിക പരിഷ്ക്കരണം ഭാഗികമായി നീതിയുടെ തത്വങ്ങളെയും ഭാഗികമായി ചരിത്രത്തിന്റെ പാഠങ്ങളെയും അടിസ്ഥാനമാക്കി, എല്ലാവരുടെയും അവകാശങ്ങൾ സുരക്ഷിതമാക്കുന്നതിന് രാജ്യത്തെ നിയമങ്ങളെ രൂപപ്പെടുത്താൻ ശ്രമിക്കുന്നു. എന്നിരുന്നാലും – എല്ലാ ഹൃദയങ്ങളെയും പ്രകൃത്യാ നിയന്ത്രിക്കുന്ന ഘടകമായ സ്വാർത്ഥതയാൽ - ഏറ്റവും പരിഷ്കൃതരുടെ ആചാരങ്ങളോ നിയമങ്ങളോ തികഞ്ഞതല്ല എന്നതിൽ അതിശയിക്കാനില്ല. അതായത് ഏറ്റവും വലിയ അളവിലുള്ള സംരക്ഷണവും ഏറ്റവും വലിയ വ്യക്തിസ്വാതന്ത്ര്യവും പോലും എല്ലായ്പ്പോഴും സുരക്ഷിതമല്ല.

നമ്മുടെ ആത്മാവിനെ ഭരിക്കാനുള്ള നമ്മുടെ കഴിവിന്റെ തെളിവു കാണിക്കുവാൻ നമ്മുടെ സ്വന്ത ഭവനത്തേക്കാൾ നല്ല മറ്റൊരിടമില്ല. ഭർത്താവിന്റെയും ഭാര്യയുടെയും ഇടയിൽ ആത്മനിയന്ത്രണം ഒരു പ്രധാന വിഷയമാണ്. സ്വന്തം ആത്മാവ്, മനസ്സ്, സ്വഭാവം എന്നിവ നിയന്ത്രിക്കുന്നത് ഒരു നഗരം പിടിച്ചടക്കുന്നതിനു സമാനമായ ഏറ്റുമുട്ടലിനെ സൂചിപ്പിക്കുന്നു, കാരണം നാം എവിടെ നിന്ന് ആരംഭിച്ചുവെന്നത് വിഷയമല്ല, സായുധവും എതിർക്കുന്നതുമായ നിരവധി ശക്തികൾ നമ്മുടെ ഉള്ളിൽ വേരൂന്നിയിരിക്കുന്നതായി നാം കാണുന്നു. പാരമ്പര്യവശാൽ അവയ്ക്ക് നമ്മിൽ അധീനതയുണ്ട് – വീഴ്ചയുടെ ഫലമായി അവ അവിടെയുണ്ട്. നമ്മുടെ യൗവ്വനകാലം നാം പിന്നിടുമ്പോൾ അവ നമ്മിൽ ശക്തമായി സ്ഥാനമുറപ്പിക്കുന്നു. അതുകൊണ്ടുത

ന്നെ അവയെ വേരോടെ പിഴുതെറിയുവാൻ വലിയ പ്രാപ്തിയും ആത്മനിയന്ത്രണവും ആവശ്യമാകുന്നു. എന്നാൽ ഒരുവൻ നേരത്തെ ആരംഭിച്ചാലും വൈകി ആരംഭിച്ചാലും സ്വന്തം ആത്മാവിനെ നിയന്ത്രിക്കുന്നതിൽ വിജയിക്കുവാൻ "നല്ല യുദ്ധസേവ" ചെയ്യണം. ഇപ്പോഴുള്ള അസ്തിത്വത്തിന്റെ അന്ത്യം വരെ അവൻ "വിശ്വാസത്തിന്റെ നല്ല പോർ പൊരുതണം".

നിയമ നിർമ്മാതാക്കളും അവയെ നടപ്പിലാക്കുന്നവരും എല്ലാം അപൂർണ്ണവും പക്ഷപാതപരമായി ചെയ്യുന്നവരും സ്വാർത്ഥരുമാണെന്നു കണക്കിലെടുക്കുമ്പോൾ തന്നെയും ലോകത്ത് നാം കണ്ടെത്തുന്ന നീതിയുടെ അളവും സ്വാതന്ത്ര്യത്തിന്റെ അളവും നമ്മെ അത്ഭുതപ്പെടുത്തുന്നു. എല്ലാ നിയമ നിർമ്മാതാക്കളും വിശുദ്ധരായിരുന്നുവെങ്കിൽ, ദൈവീക ക്രമീകരണങ്ങളുമായി യോജിച്ചവരാണെങ്കിലും അവരുടെ മർത്യശരീരങ്ങളുടെ അപൂർണ്ണതയാൽ അവർ കേവലം പരിമിതപ്പെട്ടവരാകയാൽ ലോകത്ത് നാം കാണുന്നതിനേക്കാൾ മികച്ച നിയമങ്ങൾ നമുക്ക് പ്രതീക്ഷിക്കാനാവില്ല. മാദ്ധ്യസ്ഥ ഭരണത്തിലെ രാജാക്കന്മാരും പുരോഹിതന്മാരും എന്ന നിലയിൽ ദൈവിക ജ്ഞാനത്തിന്റെയും ശക്തിയുടെയും പിൻബലത്തിൽ സഭ എല്ലാ കാര്യങ്ങളിലും തികഞ്ഞവർ ആയിരിക്കുമെന്നു തിരുവെഴുത്തുകൾ നമുക്ക് വ്യക്തമായി കാണിച്ചു തരുന്നില്ലെങ്കിൽ, ഈ ഭരണവ്യവസ്ഥയുടെ സംവിധാനത്തിന്റെ വഴിയിൽ ഇപ്പോൾ ഉള്ളതിനേക്കാൾ മികച്ചതൊന്നും നമുക്ക് പ്രതീക്ഷിക്കുവാൻ കഴിയുകയില്ല.

ലോകമെമ്പാടുമുള്ള പരിഷ്കരണത്തിന്റെ വിവിധ തലങ്ങളെ നമ്മൾ താരതമ്യം ചെയ്യുമ്പോൾ, ഏറ്റവും ജ്ഞാനവും മികച്ചതുമായ നിയമങ്ങളും അവയിൽ ഏറ്റവും ജ്ഞാനവും മികച്ചതുമായ നിർവ്വഹണവും ജനങ്ങളുടെ ഏറ്റവും വലിയ യാഥാർത്ഥ സ്വാതന്ത്ര്യവും ന്യായമായ പരിധിക്കുള്ളിൽ കാണപ്പെടുന്നത് ദൈവീക സന്ദേശത്തെ അതായത് ബൈബിളിനെ ആദരണീയമായി കാണുന്ന രാഷ്ട്രങ്ങളിലാണ്. ദൈവവചനത്തെ ഏറ്റവും ഗൗരവമായി എടുത്തുകൊണ്ട് എല്ലാ ഭാരവും ചുമന്ന്, തടസ്സങ്ങളെ അതിജീവിച്ച്, ലൗകിക അഭിലാഷങ്ങളെ മാറ്റിവെച്ച് യേശുവിന്റെ കാൽച്ചുവടുകളിൽ ക്ഷമയോടെ ഓടുവാൻ അത് ദൈവജനങ്ങളെ മാത്രമല്ല പൂർണ്ണ സമർപ്പണത്തിന്റെ പടി ഒരിക്കലും സ്വീകരിക്കാത്തവരെപ്പോലും സ്വാധീനിക്കുന്നു എന്നത് ശക്തമായ വാദമാണ്. ഒറ്റ വാക്കിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ സ്വാതന്ത്ര്യം ദുഃസ്വാതന്ത്ര്യമല്ല മറിച്ച് ന്യായത്തിന്റെയും നീതിയുടെയും സ്നേഹത്തിന്റെയും സ്വാതന്ത്ര്യമാണ്; അങ്ങനെ ദൈവീക ഉപദേശത്തിന്റെ ആത്മാവ് ഏതൊരളവിൽ ഒരുവനു ലഭിച്ചിരിക്കുന്നുവോ അതേ അനുപാതത്തിൽ അവൻ സ്വതന്ത്രനാണ്. ലോകമെമ്പാടും നില്ക്കുന്ന ദേശീയ സ്വാതന്ത്ര്യത്തിന്റെ അളവിനെപ്പറ്റി തിരുവെഴുത്തുകളിലെ പ്രവചനങ്ങളിൽ വ്യക്തമായി കാണുമ്പോഴും അതുപോലെ ദിനപത്രങ്ങളിലെ എഴുത്തുകളിൽ കാണുമ്പോഴും അതിലുപരിയായി സാമൂഹിക മാധ്യമങ്ങളിൽ കാണുമ്പോഴും ഞങ്ങൾ ദൈവത്തിനു നന്ദി പറയുന്നു. ഹാ, സ്വാതന്ത്ര്യത്തിന്റെ വലിയൊരു ദുർവ്യാഖ്യാനം ലോകമെമ്പാടും അതിവേഗം പടരുകയാണ്, അത് ഒടുവിൽ ഇന്നത്തെ പരിഷ്കരണത്തെ അരാജകത്വത്താൽ തകർക്കും. നാം ഇന്നു കാണുന്ന വാർത്തകളെക്കുറിച്ച് ബോധവാന്മാരാകുമ്പോൾ, പ്രതിഷേധക്കാരുടെ കൈകളിൽ അരാജകത്വം പ്രഖ്യാപിക്കുന്ന അടയാളങ്ങൾ കാണുവാൻ കഴിയും.

**മൂന്ന് വർഗ്ഗങ്ങൾ**

ഒരു വിദ്യാലയത്തിലെ വിവിധ തരങ്ങൾ അഥവാ വർഗ്ഗങ്ങൾ എന്നതുപോലെ പരിഷ്കൃത ലോകത്തിലും ചിലത് അധികമായും ചിലത് കുറവായും പുരോഗതി കൈവരിച്ചിരിക്കുന്നതനുസരിച്ച് അതിനെ പലതായി തരംതിരിച്ചിരിക്കുന്നു. ഏറ്റവും താഴ്ന്ന വർഗ്ഗം സ്വാതന്ത്ര്യത്തെ പൂർണ്ണമായും തെറ്റായി മനസ്സിലാക്കുന്നു. അതിനെ ഒരു അനുമതിയായി, സ്വേച്ഛയായി മാത്രം കണക്കാക്കുകയും സ്വാർത്ഥതയുടെ അതായത് സ്വകാര്യനേട്ടത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ നിയന്ത്രണത്തിലാണ് അത് ഉള്ളതെന്നും താത്പര്യങ്ങൾക്ക് അത് വിരുദ്ധമാണെന്നും അതിന്റെ സങ്കൽപം യുക്തിരഹിതവും ഹാനികരവുമാണെന്നും ഉള്ള വസ്തുത തിരിച്ചറിയുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു.

രണ്ടാമത്തെ വർഗ്ഗം സ്വാതന്ത്ര്യത്തെ വിലമതിക്കുന്നു, കൂടുതൽ ന്യായമായ രീതിയിൽ ആവശ്യകത നിർബന്ധിക്കുന്നിടത്തെല്ലാം സ്വയം വഴങ്ങുന്നു, അതിൽ കൂടുതൽ ഇല്ല. ഇവർക്ക് ഇത് നയപരമാണ്, തത്വത്തിൽ അടിസ്ഥാനപ്പെട്ടതല്ല. ഒരു വർഗ്ഗം ജനങ്ങളുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നു അല്ലാത്തപക്ഷം ജനങ്ങൾ എതിരാകും. ഭൂരിപക്ഷം അനുവദിക്കുന്നിടത്തോളം അതിന്റെ അവകാശങ്ങൾ ദീർഘമാക്കുന്നു. സ്വാതന്ത്ര്യം നിയമപരമായി അനുവദിച്ചുകൊടുക്കുന്ന ഓരോ കാര്യത്തെയും സ്വാർത്ഥത നിയന്ത്രിക്കുന്നു, സ്വയത്തിനു കൂടുതൽ സ്വാതന്ത്ര്യവും പ്രത്യേകാവകാശവും ഉറപ്പാക്കാനുള്ള എല്ലാ ശ്രമങ്ങളിലും ഇത് മറ്റുള്ളവർക്കും നൽകപ്പെടും. ഇപ്പോഴത്തെ താത്പര്യങ്ങളിലുള്ള വൈരുദ്ധ്യം മാത്രമാണ് ലോകം ഇപ്പോൾ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ

അളവ് കാത്തു സൂക്ഷിക്കുന്നത്.

മറ്റു രണ്ട് വിഭാഗക്കാർക്കും മനസിലാക്കുവാനോ അഭിനന്ദിക്കുവാനോ കഴിയാത്ത സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഒരു സങ്കൽപ്പമാണ് മൂന്നാമത്തെ വർഗ്ഗത്തിനുള്ളത് – എല്ലാ മനുഷ്യരെയും സേവിക്കുവാനും നന്മ ചെയ്യുവാനും ഉള്ള സ്വാതന്ത്ര്യം, സ്വാർത്ഥത യല്ല, എല്ലാവരോടുമുള്ള സ്നേഹമാണ്. ഈ ക്രിസ്തീയ ആദർശം ലോകത്തിനു പൊതുവെ വിഡ്ഢിത്തമാണ്. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഈ ക്രിസ്തീയ വീക്ഷണം മുന്നോട്ടുവെച്ച മഹാനായ അദ്ധ്യാപകനെയും തന്റെ അപ്പൊസ്തലന്മാരെയും ബഹുമാനിക്കുവാൻ അവർ വളർന്നു വരുമ്പോൾ ഇതേ സിദ്ധാന്തത്തിന്റെ ജീവിക്കുന്ന പ്രതിനിധികളായ വിഡ്ഢികളെന്ന് അധിക്ഷേപിക്കപ്പെടുവാനുള്ള അവകാശം അവർക്ക് ഉണ്ടാകുന്നു – സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ നിയമം യഹോവയോടും നമ്മുടെ അയൽക്കാരനോടും ഉള്ള സ്നേഹവും ശുശ്രൂഷയുമാണ്.




തിരുവെഴുത്തിന്റെ ഈ കാഴ്ച്ചപ്പാടിൽ നിന്ന് സ്നേഹത്തെക്കുറിച്ച് പക്ഷവാദം ചെയ്യുകയും അതിനെ പ്രായോഗികമാക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സമർപ്പിതരായ മക്കൾ അവരുടെ സഹപ്രവർത്തകരാൽ, "ദിവസം മുഴുവൻ വിഡ്ഢികളായി", അപ്രായോഗികരും, അപരിഷ്കൃതരും ചിലപ്പോൾ കപടവിശ്വാസികളുമായി അധിക്ഷേപിക്കപ്പെട്ടവരുമാണ്. ഇന്ന് ലോകത്തിലുള്ള എല്ലാ സ്വാതന്ത്ര്യത്തിനും വില നൽകിയിട്ടുണ്ട്: ഇവയിൽ ഒന്നുപോലും ത്യാഗമതികളില്ലാതെ ലഭ്യമായിട്ടില്ല. എന്തുകൊണ്ട്? കാരണം ഈ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും വേണ്ടി അവർ പോരാടിയിരുന്നില്ലെങ്കിൽ ശക്തിയും, അധികാരവും, അവകാശവും അവസരവും കൈവശമുള്ളവർ മറ്റുള്ളവരുടെ നിഷ്പ്രയോജനത്തിനായും അടിമത്തത്തിനായും തങ്ങൾക്കായി അവയെ മുറുകെ പിടിക്കുവാൻ തക്കവണ്ണം സ്വാർത്ഥത ഈ വർഗ്ഗത്തിൽ വേരൂന്നിയിരിക്കുന്നു.

യുദ്ധങ്ങളെ ശരിവയ്ക്കുന്നില്ലായെങ്കിൽ കൂടിയും രാഷ്ട്രങ്ങളുടെ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ യുക്തിസഹമായ ഓരോ മനസ്സിനും യുദ്ധങ്ങളിലൂടെ മാത്രമേ വർഗ്ഗത്തിന് ധാരാളം സ്വാതന്ത്ര്യങ്ങൾ ലഭിച്ചിട്ടുള്ളൂ എന്നത് കാണുവാൻ കഴിയും. ആദാമ്യ വർഗ്ഗത്തിന്റെ ശക്തിയാൽ നിയമങ്ങളിലൂടെയോ, യുദ്ധങ്ങളിലൂടെയോ, മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെയോ സമ്പൂർണ്ണ സമത്വത്തിന്റെയും നിസ്വാർത്ഥതയുടെയും അവസ്ഥ കൈവരിക്കുവാൻ മനുഷ്യരാശിക്ക് എപ്പോഴെങ്കിലും കഴിയുമെന്ന ധാരണയാണ് ഇന്ന് പലരും തെറ്റായി വെച്ചുപുലർത്തുന്നത്.

സ്വാർത്ഥ മനുഷ്യത്വം പുരോഗതി കൈവരിക്കുമെന്നു പ്രതീക്ഷിക്കുന്ന ഒരു പരധിയുണ്ടെന്ന് തിരുവെഴുത്ത് നമ്മെ ചൂണ്ടിക്കാണിക്കുന്നു – ആ പരിധിക്കപ്പുറമുള്ള ഏതു പുരോഗതിയും ദൈവത്തിന്റെ പ്രിയ പുത്രന്റെ രാജ്യം സ്ഥാപിക്കുന്നതിലൂടെ ഉയരത്തിൽ നിന്നു വരണം. ആ സമയത്ത് സമ്പത്തും സ്വാധീനവും കഴിവുകളും സ്വന്തം സംരക്ഷണത്തിനും ഉന്നമനത്തിനും വേണ്ടി ജനങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങുമ്പോൾ, അവർ എല്ലാം നൽകില്ല, മറിച്ച് സ്ഥിതിസമത്വവാദത്തിന്റെ ലക്ഷ്യം പോലെ ഒരു പൊതു സമത്വത്തിനു കീഴടങ്ങുന്നതിനു പകരം മുഴുവൻ സാമൂഹിക ഘടനയെയും പിരിച്ചുവിടാൻ അനുവദിക്കും. ചില പൊതുവായ അഭിപ്രായങ്ങൾ: പൊതുവെ സ്ഥിതിസമത്വവാദികൾ വിശ്വസിക്കുന്നത് സർക്കാർ പൊതുജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയും വിദ്യാഭ്യാസവും പോലുള്ള അടിസ്ഥാന സേവനങ്ങൾ സൗജന്യമായോ ഗണ്യമായ കിഴിവിലോ നൽകണമെന്നാണ്; ജനാധിപത്യ സ്ഥിതിസമത്വം എന്ന ഒരു ആധുനിക പദമുണ്ട്, അതിൽ ഹ്രസ്വമായ ആഗ്രഹങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു: എല്ലാവർക്കുമായി ചികിത്സാ സഹായത്തിനായി ഒരാളിൽ നിന്നും പണം നൽകുന്നതും പോലീസിനു പണം മുടക്കുന്നതും സമൂഹത്തിനു പണം തിരികെ കൊടുക്കുന്നതും (Green New Deal എന്ന പേരിൽ) പോലുള്ള "നവീകരണ" പരിഷ്കാരങ്ങളിലേക്ക് കൂടുതൽ സ്വാതന്ത്ര്യവും നീതിയുക്തവുമായ ജീവിതത്തിലേക്കുള്ള പരിവർത്തനം എന്നുള്ള നിലയിൽ വിജയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സ്ഥിതി സമത്വവാദത്തെക്കുറിച്ചുള്ള ചില ചുരുക്കമായ കാഴ്ചപ്പാടുകൾ: പല രാജ്യങ്ങളും "സ്ഥിതിസമത്വവാദികൾ" എന്നു സ്വയം വിളിക്കുന്നവരാൽ അത്തരത്തിൽ അറിയപ്പെടുകയോ അല്ലെങ്കിൽ ആ രാഷ്ട്രീയക്കാരാൽ നിലവിൽ ഭരിക്കപ്പെടുകയോ ചെയ്യുന്നു. എന്നിരുന്നാലും ഈ രാഷ്ട്രീയ പാർട്ടികളുടെ നയങ്ങളും പ്രഭാഷണ വിദ്യയും വളരെ വ്യത്യസ്തമാണ്. സാമ്പത്തിക വ്യവസ്ഥകൾ എന്ന നിലയിൽ സ്ഥിതിസമത്വവാദം ഒരു ഭരണകൂടത്തിന്റെ മാതൃക നിർബന്ധമായി വിവരിക്കേണ്ടതില്ല എന്നത് പ്രധാനമായും മനസിലാക്കേണ്ടതാണ്. വാസ്തവത്തിൽ അത്തരത്തിൽ മുദ്ര കുത്തപ്പെട്ട പല രാഷ്ട്രീയ ഭരണകൂടങ്ങളും സത്യത്തിൽ സ്വേച്ഛാധിപത്യമാണ്.

സ്ഥിതിസമത്വം (Socialism) അരാജകത്വത്തെ ആസൂത്രണം ചെയ്യുന്നില്ലെങ്കിലും അരാജത്വത്തെ സൃഷ്ടിക്കും; ഭൂമിയെ അനുഗ്രഹിക്കുന്നതിനായി കൂടുതൽ സ്വാതന്ത്ര്യത്തിനും സാർവ്വത്രികതയ്ക്കും വേണ്ടി പരിശ്രമിക്കുമ്പോൾ അത് ഇവയുടെയെല്ലാം തകർച്ചയിൽ കലാശിക്കും. ഇന്നത്തെ സ്ഥാപനകളുടെ ഈ തകർച്ചയിൽ ഗുരുവിന്റെയും അവിടുത്തെ കൂട്ടവകാശികളുടെയും മാർഗ്ഗനിർദ്ദേശപ്രകാരം, സ്നേഹത്തിന്റെ തലത്തിൽ, സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ ഭരണം താൻ സ്ഥാപിക്കുമെന്നതാണ് തന്റെ കാര്യക്രമം എന്നതിനാൽ ദൈവത്തിനു നന്ദി!




മിശിഹായുടെ രാജ്യം ഒരു ജനാധിപത്യരാജ്യമായി സ്ഥാപിക്കപ്പെടുകയില്ല. മനുഷ്യരാശിക്ക് കൂടുതൽ അധികം നൽകുന്നതിനു പകരം ജനഹിതവും വോട്ടും ഉപയോഗിച്ച് എല്ലാം പരിഹരിക്കാൻ വിടുന്നതിനു പകരം, മിശിഹായുടെ രാജ്യം അതിനു വിപരീതമായിരിക്കും. അത് നിയമം സ്ഥാപിക്കുകയും നിയമത്തിന്റെ ലംഘനങ്ങളെ ശിക്ഷിക്കുകയും ചെയ്യും. തങ്ങളുടെ അപൂർണ്ണതയാൽ തങ്ങളെത്തന്നെ ഭരിക്കുവാൻ അവർ യോഗ്യരല്ലെന്നും മനുഷ്യരെ ഭരിക്കുവാൻ ദൈവം മിശിഹായുടെ രാജ്യം സ്ഥാപിക്കുവാൻ ഉത്തരവിട്ടിരിക്കുന്നു എന്ന വസ്തുത മനുഷ്യരെ ചൂണ്ടിക്കാണിക്കുകയും ചെയ്യും. അങ്ങനെ ഈ അപൂർണ്ണാവസ്ഥയിൽ നിന്നും യഥാസ്ഥാപനത്തിലൂടെ അവന്റെ മുഴു പൂർണ്ണതയിലേക്കു കൊണ്ടുവന്ന് യഥാർത്ഥത്തിൽ രൂപകൽപന ചെയ്തിരിക്കുന്നതുപോലെ എല്ലാവരും രാജാക്കന്മാരാകുകയും ചെയ്യും. അഥവാ, ഈ നിലവാരത്തിലേക്ക് വരുന്നതിൽ പരാജയപ്പെട്ടാൽ, അവർ അകൃത്യത്തെ സ്നേഹിക്കുന്നവരായി നശിപ്പിക്കപ്പെടും. 2 തിമൊ. 3:1-5 ASV ൽ നിന്നുള്ള ശക്തമായ സന്ദേശം നാം ഇങ്ങനെ വായിക്കുന്നു: "അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരും ആയിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക". ദൈവത്തിന്റെ സമർപ്പിത മക്കളെ സംബന്ധിച്ച് ഏറ്റവും വലിയ വെല്ലുവിളി ഇതാണ്: "ഇരുട്ടിന്റെ നിഷ്ഫല പ്രവർത്തികളിൽ കൂട്ടാളികൾ ആകരുത്; അവയെ ശാസിക്ക അത്രേ വേണ്ടത്", (എഫെ. 5:4).

യേശുവിന്റെ മരണത്തിലൂടെ നേടിയ വീണ്ടെടുപ്പ് ഒടുവിൽ ആദാമിന്റെ വർഗ്ഗത്തിലെ എല്ലാ അംഗങ്ങളിലും എത്തിച്ചേരും. അത് അവരുടെ മനസ്സിന്റെയും ശരീരത്തിന്റെയും പൂർണ്ണതയിലേക്കുള്ള പുനഃസ്ഥാപനത്തിനു മാത്രമല്ല ബാധകമാകുക, രാജകീയ ശക്തികളുടെ പുനഃസ്ഥാപനവും അതിൽ ഉൾപ്പെടും. ഒരു ജനാധിപത്യ നിയമത്തിന് മുന്നിൽ മനുഷ്യസമത്വം എന്ന വസ്തുതയുടെ അംഗീകാരമുണ്ട്. ഒരു ജനാധിപത്യത്തിൽ, ഓരോ മനുഷ്യനും രാജാവാണ്; ഈ രാജാക്കന്മാർ തങ്ങളുടെ കൂട്ടത്തിൽ ഒരാളെ രാഷ്ട്രത്തലവൻ - രാജാവ് അല്ലെങ്കിൽ എല്ലാവരുടെയും സേവകൻ എന്ന നിലയിൽ സർക്കാർ പ്രതിനിധി സ്ഥാനം വഹിക്കുവാൻ വോട്ടു ചെയ്യുന്നു. ഇതൊരു സിദ്ധാന്തമാണ്, ഒരു ആദർശമാണ്, എന്നാൽ കൂടുതലോ കുറവോ ആയ അളവിൽ ഇത് വികലമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ജനനം, സ്വഭാവം, കഴിവ്, ഇച്ഛാശക്തി എന്നിവയുടെ വലിയ അസമത്വങ്ങൾ ഉണ്ടെന്ന് നാം അറിയുമ്പോൾ തന്നെ എല്ലാ മനുഷ്യരും സ്വതന്ത്രരും തുല്യരുമായി ജനിക്കുന്നു എന്ന് അവകാശപ്പെടുന്നത് വെറുതെയാണ്. ജനാധിപത്യം അതിന്റെ തക്കസമയത്ത് പൂർണ്ണരായ മനുഷ്യർക്ക് അനുയോജ്യമായ അവസ്ഥ ആയിരിക്കും. തീർച്ചയായും മനുഷ്യരാശിക്കുള്ള ദൈവീക കാര്യക്രമം മനോഹരവും ലളിതവും ഗംഭീരവുമാണ്! കൂടുതൽ ആഗ്രഹിക്കുന്ന ഒന്നിനെയും അത് വിട്ടു കളയുന്നില്ല. ബൈബിൾ പ്രസ്താവിക്കുന്നതുപോലെ, അത് "സകല ജാതികളുടെയും ആഗ്രഹമായിരിക്കും".

### ക്രിസ്ത്യാനിയുടെ പോരാട്ടം

ലോകത്തിന്റെ സ്വാതന്ത്ര്യം പോരാട്ടം ആവശ്യപ്പെടുന്നുവെങ്കിൽ, ബൈബിളിന്റെ ഉയർന്ന നിലവാരത്തിലുള്ളവർ "ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയ സ്വാതന്ത്ര്യത്തിനായി" (ഗലാ. 5:1) കൂടുതൽ പോരാടേണ്ടതാണെന്നു നമുക്ക് പ്രതീക്ഷിക്കാം. ക്രിസ്തു ഈ സ്വാതന്ത്ര്യം നൽകുന്നുവെന്ന് ഈ തിരുവെഴുത്ത് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും, അത് ആഗ്രഹിക്കുന്നവർക്കും അതിനായി പോരാടുന്നവർക്കും മാത്രമേ അവിടുന്ന് അത് നൽകുന്നുള്ളൂവെന്ന് വചനം നമുക്കു

കാണിച്ചു തരുന്നു. അവരുടെ യുദ്ധം സ്നേഹത്തിന്റെ നിയമം വിലക്കു കൽപ്പിക്കുന്ന ജഡിക ആയുധങ്ങൾ കൊണ്ടല്ല (2 കൊരി. 10:4,5), പിന്നെയോ അവരുടെ യുദ്ധം തെറ്റിന്റെ കോട്ടകളെ തകർക്കുവാൻ തക്കവണ്ണം ദൈവത്താൽ ശക്തമാണ്.

അപ്പോൾ ക്രിസ്ത്യാനി യുദ്ധം ചെയ്യുന്നത് എന്തിനെതിരെയാണ്? അവരുടെ പ്രധാന പോരാട്ടം അവരുടെ സ്വന്തം സ്വഭാവത്തിലെ വീഴ്ച ഭവിച്ച പ്രവണതകൾക്കെതിരെയാണെന്ന് ഞങ്ങൾ ഉത്തരം നൽകുന്നു. വീഴ്ച ഭവിച്ച നീണ്ട നൂറ്റാണ്ടുകളിലൂടെ, പാപം അവരുടെ ശരീരത്തിൽ അന്തർലീനമാകുകയും പുതിയ മനസ്സിൽ ഒരു യുദ്ധം ആവശ്യമായി വരുന്ന തരത്തിൽ രൂഢമൂലമാവുകയും ചെയ്തതായി അവർ കണ്ടെത്തുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭ്യമാകുന്ന സമാധാനത്തെയും പാപമോചനത്തെയും കുറിച്ച് സംസാരിക്കുമ്പോൾ, കർത്താവിന്റെ ആ വചനം ശ്രവിക്കുന്നതിലൂടെ അവർക്ക് പുതിയ മനസ്സോ മനോഭാവമോ ലഭിക്കുന്നു. അത് അവരെ നീതിയുടെയും സത്യത്തിന്റെയും ദൈവീക ശുശ്രൂഷയിലേക്ക്, സകലവും പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് ജീവന്റെ പുതുക്കത്തിലേക്ക് ക്ഷണിക്കുന്നു. വിശ്വാസി എന്ന നിലയിൽ നിന്നും സമർപ്പണം ചെയ്യുന്നത് കർത്താവായ യേശുവിന്റെ ഒരു നല്ല പടയാളിയുടെ ജോലിയിലേക്കുള്ള കടന്നുവരവായിരുന്നു. പ്രധാന നായകൻ നിർദ്ദേശിച്ച നിയമങ്ങൾക്കനുസൃതമായി പരക്കേയുള്ള പാപത്തിനും സ്വാർത്ഥതയ്ക്കും എതിരെയുള്ള പോരാട്ടമായിരുന്നു അത്.

ഓരോ സൈനികനെയും അത്ഭുതപ്പെടുത്തിക്കൊണ്ട്, തന്റെ ഏറ്റവും വലിയ യുദ്ധങ്ങളിൽ ചിലത് തന്നിൽ തന്നെ ആണെന്ന് അവൻ കണ്ടെത്തുന്നു. ശരിയാണ്, സത്യത്തിന്റെ ശുശ്രൂഷയ്ക്കായുള്ള തന്റെ സമയത്തിന്റെയും കഴിവിന്റെയും സ്വാധീനത്തിന്റെയും സമ്പൂർണ്ണ അടുപ്പത്തിനുള്ള എതിരാളിയായി അവൻ ലോകത്തെ കണ്ടെത്തുന്നു. പാപത്തെയും സ്വാർത്ഥതയെയും ഏറിയോ കുറഞ്ഞോ ശാസിക്കുന്ന അത്തരമൊരു തീവ്രതയിലേക്ക് ലോകം തയ്യാറാക്കപ്പെട്ടിട്ടില്ല. അതിനാൽ ലോകം "കപടഭക്തൻ", "വിശുദ്ധൻ" എന്നിങ്ങനെ പരിഹസിക്കുകയും നിലിവിളിക്കുകയും സമർപ്പിതരെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഒരു നല്ല പടയാളിയാകുവാൻ ഒരുവൻ ഇതിനു തയ്യാറാകുകയും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കത്തിന്റെ ചെരുപ്പുകൾ ധരിക്കുകയും വേണം. അല്ലാത്തപക്ഷം ലോകപരമായ എതിർപ്പുകൾ പാതയിൽ വിതറിയ ബുദ്ധിമുട്ടുകൾ മുഖാന്തരം അവന്റെ കാലുകൾ പൊട്ടുകയും അവന്റെ പേരു ചേർക്കപ്പെട്ടപ്പോൾ ഉള്ള കാലാവധി "മരണപര്യന്തം" എന്നതാണെങ്കിലും കാലക്രമേണ അവൻ പിന്തിരിഞ്ഞു പോകുവാൻ ഇടയാവുകയും ചെയ്യും.

എതിരാളി ഒരു ശത്രുവാണ്, അവന്റെ ശക്തിയേയും കണക്കാക്കേണ്ടതാണ്, അവന്റെ സൂക്ഷ്മമായ ആക്രമണങ്ങൾ പല വിധത്തിൽ നേരിടേണ്ടി വന്നേക്കാം. എതിരാളിയുടെ എല്ലാ തന്ത്രവും തനിക്ക് അറിയാമെന്നും തന്റെ നായകനോട് വിശ്വസ്തനായിരിക്കുകയും തന്റെ സമർപ്പണത്തിലും സൈനിക സേവനത്തിലും യുദ്ധത്തിലും വിശ്വസ്തനായിരിക്കുകയും ചെയ്യുന്നിടത്തോളം കാലം അവന്റെ എല്ലാ താത്പര്യങ്ങളും സംരക്ഷിക്കപ്പെടുമെന്നും ഒരു ക്രിസ്തീയ പടയാളിക്ക് തന്റെ നായകന്റെ ഉറപ്പുണ്ട്.

എന്നാൽ, നമ്മൾ പറഞ്ഞതുപോലെ, എല്ലാ ക്രിസ്തീയ പടയാളികളുടെയും മുഖ്യ എതിരാളി മനുഷ്യ ശത്രുവാണ് – വീണുപോയ, അവസ്ഥകളുടെ ബലഹീനതകൾ, ആസക്തി, ആവശ്യങ്ങൾ, നിഗൂഢമായ ക്ലേശങ്ങൾ മുതലായവയാണ് അവ. അവൻ സ്വയം തന്റെ ബലഹീനതകളുടെ അടിമയായി അവനെത്തന്നെ കണ്ടെത്തുന്നു എന്നത് അവനെ അത്ഭുതപ്പെടുത്തുന്നു. അതുകൊണ്ട് ക്രിസ്തു യഥാർത്ഥത്തിൽ സ്വതന്ത്രനാക്കുന്ന സ്വാതന്ത്ര്യം പൂർണ്ണമായി നേടുന്നതിന്, വിജയത്തിനായി ദിവസേന – മണിക്കൂറുകളോളം യുദ്ധം ചെയ്യണം. ഈ കാഴ്ചപ്പാടിൽ നമ്മുടെ സ്വന്തം ജഡിക ബലഹീനതകൾ, നമ്മുടെ സ്വാർത്ഥ സഹജാവബോധം, പ്രവണതകൾ എന്നിവക്കെതിരായ എല്ലാ പോരാട്ടങ്ങളും സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടങ്ങളാണ്, അവകാശത്തിനായുള്ള പോരാട്ടങ്ങളാണ്, കർത്താവിന്റെ പക്ഷത്തുള്ള പോരാട്ടങ്ങളാണ്. നമ്മുടെ വലിയ നായകൻ നമ്മിൽ തന്നെയുള്ള വിശ്വാസത്തിന്റെ നല്ല പോരാട്ടത്തിൽ പോരാടുവാൻ ആഗ്രഹിക്കുന്നില്ല, ഈ വിഷയത്തിൽ അവൻ നമ്മെ സഹായിക്കാൻ തയ്യാറാണ്, അവനെ കൂടാതെ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല. ശരിയാണ്, ചിലപ്പോൾ നമ്മുടെ യുദ്ധങ്ങൾ നമുക്ക് അപ്പുറത്തേക്ക് നീങ്ങുന്നു. കർത്താവിന്റെ സഹോദരന്മാരുടെയും സഭയുടെയും കൂട്ടത്തിൽ സത്യത്തിനും ശരിക്കും വേണ്ടി പോരാടേണ്ടി വരുമ്പോൾ അല്ലെങ്കിൽ ലോകവുമായുള്ള നമ്മുടെ സമ്പർക്കത്തിൽ ചിലപ്പോൾ നമുക്ക് യുദ്ധപ്രവൃത്തികൾ നമുക്ക് ആവശ്യമായി വന്നേക്കാം.

**പറുസിയ സത്യങ്ങൾ ചിലരാൽ ഉപേക്ഷിക്കപ്പെട്ടു**

P.B.I. നേതാക്കൾ The Herald of the Kingdom എന്ന

അവരുടെ മാസികയിലും കൂടാതെ (പിന്നീട് Dawn നേതാക്കളും മറ്റുള്ളവരും) ബ്രദർ റസ്സൽ നൽകിയ ബൈബിൾ കാലക്കണക്കുകളും മറ്റു പഠിപ്പിക്കലുകളും ഉപേക്ഷിച്ച് തെറ്റ് പഠിപ്പിക്കുവാൻ തുടങ്ങി – (E-7, അദ്ധ്യായങ്ങൾ 5-7 വരെ കാണുക). J.F.R (മറ്റ് സംഘടനയുടെ നേതാക്കന്മാരും) "ഇപ്പോൾ ജീവിക്കുന്ന ദശലക്ഷങ്ങൾ 1925 നു ശേഷം ഒരിക്കലും മരിക്കുകയില്ല" എന്ന വഞ്ചനയും മറ്റു നിരവധി പിശകുകളും വാച്ച് ടവ്വറിലും അവന്റെ നിരവധി പുസ്തകങ്ങളിലും പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. അവൻ ബ്രദർ റസ്സലിന്റെ അനേക തിരുവെഴുത്ത് പഠിപ്പിക്കലുകൾ, ഉദാഹരണത്തിന്, സ്വഭാവ വികസനം, സഭകളിലെ മൂപ്പന്മാർ, യിസ്രായേലിന്റെ മടങ്ങിവരവ് മുതലായവയെ മാറ്റിമറിക്കുകയും സഭകളിലെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുകയും ചെയ്തു. The studies in the Scriptures അവന്റെ രചനകൾക്ക് അനുകൂലമായ തരത്തിൽ തള്ളിക്കളയുകയും "യഹോവയുടെ സാക്ഷികൾ" എന്ന പേര് ഒരു വിഭാഗീയ നാമമായി ഉപയോഗിക്കുകയും ചെയ്തു.

### എപ്പിഫനി സത്യങ്ങൾ ചിലരാൽ ഉപേക്ഷിക്കപ്പെട്ടു.

എപ്പിഫനി പാളയ സമർപ്പിതർക്ക് നൽകിയ വലിയ പ്രവർത്തനവുമായി ബന്ധപ്പെട്ട് മുന്നേറുന്ന എപ്പിഫനി സത്യത്തിന്റെ ക്രമീകരണം ഉൾപ്പെടെ നിരവധി തെറ്റുകളുടെ നിരാകരണവും, പിന്നീട് Epiphy Studies in the Scriptures ലൂടെയും എപ്പിഫനി വേലയുടെ വിവിധ സവിശേഷതകൾ തുടർന്നു. പാസ്റ്റർ ജോൺസനെ കാണുന്നത് പല അരിക്കലുകാരുടെയും കണ്ണിൽ ഒരു കാള ചുവന്ന വസ്തു കാണുമ്പോൾ ഉണ്ടാകുന്ന തരത്തിലുള്ള നീരസം ഉണർത്തി! പൗരോഹിത്യത്തിനു എപ്പോഴും, പ്രത്യേകിച്ച് അതിന്റെ നേതാക്കൾക്ക്, അവരുടെ ശുശ്രൂഷ ആരുടെ ഇടയിലാണോ പ്രായോഗികമായിട്ടുള്ളത് അവരുടെ ഇടയിൽ ജനപ്രീതി ഇല്ലാത്തവരാണ്. യഹൂദന്മാരുടെ ഇടയിൽ നമ്മുടെ കർത്താവിനു ജനപ്രീതി ഇല്ലാതിരുന്നതെങ്ങനെയോ, അങ്ങനെ തന്നേ. യഹൂദന്മാരുടെയും ജാതികളുടെയും ഇടയിൽ അപ്പൊസ്തലന്മാരും ജനപ്രീതി ഇല്ലാത്തവരായിരുന്നു. കെട്ടുപണി ചെയ്യപ്പെട്ട് പുരോഗമിക്കുന്ന സത്യം യഹോവ അവലംബിച്ച ഒരു ആവശ്യമായ പഠിപ്പിക്കൽ രീതി ആയതിനാൽ, ചില സമർപ്പിത വിദ്യാർത്ഥികൾ പ്രസിദ്ധീകരണ വേലകളിൽ ബ്രദർ ജോൺസന്റെ പ്രത്യേക സഹായികളായി തുടർന്നു. കൂടാതെ അവർ ബ്രദർ റസ്സലിന്റെ ആറ് വാല്യങ്ങൾ, മന്ന കൂടാര നിഴലുകൾ തുടങ്ങിയവയുടെ പുനഃപ്രസിദ്ധീകരണത്തിനും പല എപ്പിഫനി വാല്യത്തിന്റെ പ്രസിദ്ധീകരണത്തിനും സഹായികളായി (PT '79 p. 40).

### തെറ്റായ ബൈബിൾ കാലക്കണക്ക് പഠനം

2021 ലെ Faith – Builders Felloship മാസികയിൽ നിന്നും ഉദ്ധരിക്കപ്പെട്ടത്: ആദാം മുതൽ ജലപ്രളയം വരെ 1656 വർഷങ്ങൾ ആയിരുന്നു (ഉല്പത്തി 5:3,6,9,12,15,18,21,25,28; 8:13). അവിടം മുതൽ അബ്രഹാം കനാനിൽ പ്രവേശിക്കുന്നതു വരെ 427 വർഷങ്ങൾ (ഉല്പത്തി 11:10,12,14,16,18,20,22,24,32;12:4; അപ്പൊ. 7:4). പുറപ്പാട് മറ്റൊരു 430 വർഷങ്ങളും (ഗലാ. 3:16) അതുമുതൽ ശലോമോന്റെ ആലയം വരെ 479 വർഷങ്ങളുമായിരുന്നു (1 രാജാ. 6:1). ഈ വർഷങ്ങൾ എല്ലാം കൂടി 2992 വർഷങ്ങൾ ആണ്. ശലോമോൻ ആലയം പണിതത് BC 966 ൽ ആണ് – ആദാം BC 3958 ൽ സൃഷ്ടിക്കപ്പെട്ടു എന്നാണ് ഇത് അർത്ഥമാക്കുന്നത്. AD 2043 ൽ നമ്മെ ആറായിരം വർഷത്തിൽ എത്തിക്കും – ഒരു തലമുറ മാത്രം മുന്നിൽ. അപ്പോൾ, യെഹെസ്കേൽ 46:1 പ്രാവചനിക ദർശനത്തിൽ സൂചിപ്പിക്കുന്നതു, മാനവരാശിയുടെ ആയിരം വർഷ "ശബത്ത്" നാളിൽ വാതിൽ തുറന്നിരിക്കുകയും മുഴുലോകവും ദൈവത്തെ ആരാധിക്കുന്നതിനും സ്തുതിക്കുന്നതിനുമായി വാതിലിൽ കൂടി കടക്കുകയും ചെയ്യും. "ദൈവത്തിനു ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ആകുന്നു" (2 പത്രൊ. 3:8). ഉദ്ധരണി അവസാനിച്ചു!

### ദൈവത്തെയും ക്രിസ്തുവിനെയും പരമമായി പ്രസാധിപ്പിക്കുക

അതിനാൽ, നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ, നാം ചിന്തിക്കേണ്ടത് ലോകപരമായ താത്പര്യമല്ല, മറിച്ച് ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്നതിനും വേണ്ടിയാണ്. 1 കൊരി. 10:31 ൽ അപ്പൊസ്തലൻ പറയുന്നു, "ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വിൻ". കൂടാതെ നാം ക്രിസ്തുവിനെയും പ്രസാദിപ്പിക്കണം. നാം ദൈവത്തെ പ്രസാദിപ്പിക്കുന്നവരും ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്നവരുമാണെങ്കിൽ, നമ്മുടെ വിളിയും തിരഞ്ഞെടുപ്പും നാം ഉറപ്പുവരുത്തുമെന്നത് തീർച്ചയാണ്.

2 തിമൊ. 2:4 പറയുന്നു, "പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിനു യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു". ആരാണ് നമ്മെ തിരഞ്ഞെടുത്തത്? നമ്മുടെ സ്വർഗ്ഗീയ പിതാവും

നമ്മുടെ കർത്താവായ യേശുക്രിസ്തുവും അല്ലാതെ മറ്റാരുമല്ല. അവർ നമ്മെ ക്രിസ്ത്യൻ സൈന്യത്തിലെ പടയാളികളാക്കിത്തീർത്തു എന്നു പറയാം. തദനുസരണമായി നാം ഇങ്ങനെ പാടുന്നു, ക്രിസ്തുവിൻ പടയാളികളെ, പോരിൽ അണിചേർന്നീടുവിൻ, മുന്നിൽ നടകൊള്ളുന്ന ക്രിസ്തുവിൻ ക്രൂശുമായ്".

കൊലൊ. 3:22,23 മറ്റൊരു യുക്തമായ തിരുവെഴുത്താണ്: "ദാസന്മാരേ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നതുപോലെ ദൃഷ്ടി സേവകളാലല്ല കർത്താവിനെ ഭയപ്പെട്ടുകൊണ്ടു ഹൃദയത്തിന്റെ ഏകാഗ്രതയോടെ അത്രേ അനുസരിക്കേണ്ടതു. നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല കർത്താവിനെന്നപോലെ മനസ്സോടെ ചെയ്‌വിൻ". റോമ. 15:1,2,3 എന്നിവ കൂടി ശ്രദ്ധിക്കുക, "എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കുകയും വേണം. നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മയ്ക്കായിട്ടു ആത്മിക വർദ്ധനക്കു വേണ്ടി പ്രസാദിപ്പിക്കേണം. "നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണു", എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തുവും തന്നിൽ തന്നെ പ്രസാദിച്ചില്ല". അതുകൊണ്ട് നാമും എപ്പോഴും ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കണം. യേശുവിന്റെ നാളിൽ ചിലർ, യേശുവിനെക്കുറിച്ചും അവിടുത്തെ രാജ്യത്തിന്റെ സന്ദേശത്തെക്കുറിച്ചും പറഞ്ഞുകേട്ടപ്പോൾ, നസ്രേത്തിൽ നിന്നും വല്ല നന്മയും വരുമോ? എന്നു പുച്ഛത്തോടെ ചോദിച്ചു. ജറുസലേമിനു അടുത്ത് ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിൽ അല്ല, മറിച്ച് താൻ നസ്രേത്തിൽ ആണ് ജനിച്ചത് എന്ന് അവർ വിചാരിച്ചു. യോഹന്നാൻ 7:48 സമാനമായ ഒരു ചോദ്യം ഉന്നയിക്കുന്നു: ചിലർ ചോദിച്ചു; "പ്രമാണികളിൽ ആകട്ടെ പരീശന്മാരിൽ ആകട്ടെ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ?" യഥാസ്ഥാപനം പോലെയുള്ള ചില ബൈബിൾ പഠിപ്പിക്കലുകൾ നാം എടുക്കുന്ന നേരത്ത് നമ്മുടെ ഈ കാലത്തുള്ള ചില വലിയ മതോപദേഷ്ടാക്കന്മാർ അരുത് അത് വിശ്വസിക്കരുത് എന്നു പറയും.

അപ്രകാരം ദൈവം അബ്രഹാമിന്റെ സഹസ്രാബ്ദ പൂർവ്വ സന്തതിയെ തിരഞ്ഞെടുക്കുകയും ഇപ്പോഴും ആ തിരഞ്ഞെടുപ്പ് തുടർന്നുകൊണ്ടും ഇരിക്കുന്നു. ഇത് എത്രത്തോളം തുടരുമെന്നോ നമ്മുടെ വ്യക്തിഗത പ്രചാരണ സമയം എത്രത്തോളം നീണ്ടുനിൽക്കുമെന്ന് നമുക്ക് അറിയില്ല. അതിനിടയിൽ, നാം കഴിയുന്നത്ര വിശ്വസ്തരായിരിക്കണം. നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാനും, ദൈവത്തിന്റെ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശം ചെയ്യപ്പെടുവാനും തിരഞ്ഞെടുക്കപ്പെടുവാനും മറ്റുള്ളവരെ സഹായിക്കുവാനും, മാനസാന്തരത്തിന്റെയും വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും പടികളിലേക്കു വരുവാനും ദൈവം നൽകിയ നല്ല ബൈബിൾ സത്യസന്ദേശത്താൽ പ്രകാശിതരാകുവാൻ മറ്റുള്ളവരെ സഹായിക്കുവാനും നാം ശ്രമിക്കണം.

ഭൂമിയുടെ പുതിയ ഭരണം വേഗം ആരംഭിക്കും (2 പത്രൊ. 3:13). ദൈവം തന്റെ എല്ലാ ഉപകരണങ്ങളെയും മുൻകൂട്ടി തയ്യാറാക്കും – ക്രിസ്തുവിന്റെ ആ 1000 വർഷത്തെ ഭരണത്തിന്റെ ഭൂമിയിലെ മഹത്തായ പരിവർത്തന പ്രവർത്തനങ്ങൾക്കായി തന്റെ എല്ലാ ഭരണാധികാരികളെയും ഉപ-ഭരണാധികാരികളെയും തയ്യാറാക്കും. കൂടാതെ, നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാനും ആ സേവനത്തിനു തയ്യാറാകുവാനും നാം ആത്മാവിന്റെ വിവിധ ഫലങ്ങൾ കൂട്ടിച്ചേർക്കുകയും അവ നമ്മിൽ സജീവമാക്കുകയും സമൃദ്ധമാക്കുകയും വേണം. പ്രത്യേകിച്ച് യഹോവയായ ദൈവം നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന മഹത്തായ രാജ്യസന്ദേശം അവരോടു ഘോഷിക്കുന്നത് ഉൾപ്പെടെ മറ്റുള്ളവരോടു നിസ്വാർത്ഥ സ്നേഹം പ്രകടമാക്കുക എന്നതാണ് ഇതിനുള്ള ഏറ്റവും നല്ല മാർഗ്ഗങ്ങളിൽ ഒന്ന്. ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുന്നത് വിദൂരമല്ലെന്ന് കാണിക്കുന്ന കാലത്തിന്റെ അടയാളങ്ങൾ സൂചിപ്പിക്കുന്ന നാളുകളിലാണ് നാം ജീവിക്കുന്നത്! ഒരു യു.എസ്. രാഷ്ട്രീയ പാർട്ടി അധികാരത്തിലുള്ള പാർട്ടിയെ പുറത്താക്കുമ്പോഴോ, പുറത്താക്കുവാനുള്ള സാധ്യത ഉള്ളപ്പോഴോ, "സന്തോഷകരമായ ദിനങ്ങൾ ഇതാ വീണ്ടും" എന്നു പാടാൻ അവർ ഇഷ്ടപ്പെടുന്നു, കാരണം വലിയ അഭിവൃദ്ധി വരുമെന്ന് അവർ വിശ്വസിക്കുന്നു. എന്നാൽ "സന്തോഷ ദിനങ്ങൾ" വരുന്നു എന്ന് നാം മനസ്സിലാക്കി പാടുന്നു. നമ്മുടെ ഒരു ഗീതം ഇങ്ങനെ പറയുന്നു, "ഹാ, സന്തോഷകരമായ ദിവസം, ഞങ്ങളുടെ പരീക്ഷകൾ അവസാനിച്ചു!" അവർ സമാധാനത്തിന്റെ ചെങ്കോൽ ഉയർത്തി വീശുന്ന സമയത്തെയും കല്ലറകളില്ലാതെ ഏദെൻ പൂക്കുന്ന കാലത്തെയും അത് വിവരിക്കുന്നു. യഥാസ്ഥാപനത്തിന്റെ നല്ല നാളുകൾക്കായി ഞങ്ങൾ കാത്തിരിക്കുകയാണ്. ഈ അത്ഭുതകരമായ പ്രതീക്ഷ നൽകി കർത്താവ് നമ്മെ അനുഗ്രഹിച്ചിരിക്കുന്നു! നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ നമുക്ക് ഉത്സാഹിക്കാം!

**ഇത് ഒരു വ്യക്തിപരമായ വേലയാണ്**

"നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു

നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നെ ശോധന ചെയ്‌വിൻ. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ടു എന്നു നിങ്ങളെത്തന്നെ അറിയുന്നില്ലയോ?" (2 കൊരി. 13:5). ചെത്തിവെടിപ്പാക്കലും, ശിക്ഷണവും, മിനുക്കുപണികളിലും കൂടെ "സാക്ഷീകരിക്കപ്പെടുന്നത്" ക്രിസ്ത്യാനിയുടെ അവകാശവും കടമയുമാണ്. സൂക്ഷ്മമായ തെറ്റുകൾ പുരോഗമിച്ച സത്യമായി വരുമ്പോൾ വിശ്വാസത്തിന്റെ പരീക്ഷണങ്ങൾ വരാം. ദൈവം നിന്നിൽ ഉണ്ടെങ്കിൽ തെളിവുകൾ അവിടെ ഉണ്ടാകും.

**നിങ്ങൾ ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും നിങ്ങൾ കടന്നു പോയത് എന്തുകൊണ്ടാണെന്ന് ഇന്നോ നാളെയോ നിങ്ങൾക്ക് മനസിലാകണമെന്നില്ല. എന്നാൽ ഒടുവിൽ ദൈവം അത് നിങ്ങൾക്ക് വെളിപ്പെടുത്തും.**

ഗലാ. 6:7,8 ഇപ്പോൾ നമുക്ക് ശ്രദ്ധിക്കാം. അവിടുത്തെ പ്രതിപാദ്യവും അപ്രകാരം തന്നെ. നാം നമ്മെത്തന്നെ വഞ്ചിക്കുന്നതിൽ വിജയിച്ചേക്കാം, നാം ആത്മീയരാണെന്നു മറ്റുള്ളവരെ ധരിപ്പിച്ച് കബളിപ്പിക്കുന്നതിൽ വിജയിച്ചേക്കാം, ആത്മാവിൽ നടക്കുന്നവരെന്നു ധരിപ്പിച്ചേക്കാം, എന്നാൽ യഥാർത്ഥത്തിൽ നാം തലക്കനമുള്ളവരും, അഭിമാനികളും, അഹങ്കാരികളും, അസൂയക്കാരും ആയിരിക്കാം. പക്ഷേ, അപ്പൊസ്തലൻ പറയുന്നു, നമുക്ക് ഒരിക്കലും ദൈവത്തെ വഞ്ചിക്കാൻ കഴിയില്ല. തങ്ങൾ ആത്മാവിൽ നടക്കുന്നുവെന്നും ജഡത്തെ അനുസരിക്കുന്നില്ലാ എന്നും പ്രഖ്യാപിച്ച് ദൈവത്തെ വഞ്ചിച്ചുകൊണ്ട് അങ്ങനെയുള്ളവർ നടക്കുന്നു. ദൈവത്തിനു ഹൃദയം വായിക്കുവാനും ഉദ്ദേശ്യശുദ്ധി തിരിച്ചറിയുവാനും കഴിയില്ലെന്ന് അവർ വിചാരിക്കുന്നു.

ദൈവത്തിന്റെ ക്രമീകരണപ്രകാരം, നാം വിതയ്ക്കുന്നതുതന്നെ കൊയ്യുമെന്നത് ഉറപ്പാണെന്നു പൗലൊസ് അപ്പൊസ്തലൻ നിർദ്ദേശിക്കുന്നു. കുടുംബത്തോടും, സഹോദരന്മാരോടും, ലോകത്തോടും കൂടെയുള്ള നമ്മുടെ ദൈനംദിന ജീവിതത്തിൽ അസൂയയും, സ്വാർത്ഥതയും, അഹങ്കാരവും, അതിമോഹവും മനസ്സിനെ നിയന്ത്രിക്കുവാൻ അനുവദിക്കുകയാണെങ്കിൽ കൂടുതലോ കുറവോ ആയ അളവിൽ കോപം, വിദ്വേഷം, കലഹം, വിയോജിപ്പ് എന്നിവ നമ്മിൽ ഉണ്ടായാൽ അതിനു തക്കതായ വിള നമുക്ക് പ്രതീക്ഷിക്കാം. ആ വിള അതിനു വിപരീതമായത് ഉണ്ടാവുകയില്ല. ദൈവത്തിന്റെ പ്രിയപുത്രന്റെ പുനരുത്ഥാന പകർപ്പുകളെന്നു സ്വയം കണ്ടെത്തുന്നതിനു പകരം, ഇത് തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിനു നാം തികച്ചും അയോഗ്യരാണെന്നു കണ്ടെത്തും.

മറുവശത്ത്, നാം ആത്മാവിൽ വിതയ്ക്കുകയാണെങ്കിൽ അതായത്, അവന്റെ വചനത്തിലൂടെ നമുക്കു മുന്നിൽ അവതരിപ്പിക്കപ്പെടുകയും നമ്മുടെ വീണ്ടെടുപ്പുകാരനിലൂടെയും അപ്പൊസ്തലന്മാരിലൂടെയും ദൃഷ്ടാന്തീകരിക്കുകയും ചെയ്ത തരത്തിൽ ജീവിതത്തിന്റെ ദൈനംദിന കാര്യങ്ങളിൽ നമ്മുടെ ഹൃദയങ്ങളും മനസ്സുകളും പൂർണ്ണമായി യോജിച്ച് കർത്താവിന്റെ ആത്മാവിനോട് സഹാനുഭൂതി പുലർത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ, നാം എത്ര ബലഹീനരാണെങ്കിലും ജഡപ്രകാരം നാം എത്ര നിസ്സാരരാണെങ്കിലും പുനരുത്ഥാന നാളുകളിൽ അവിടുന്ന് നമ്മെ ഓർക്കുകയും തന്റെ രാജ്യത്തിലെ വിജയികളോടൊപ്പം രാജ്യത്തിന്റെ ഓഹരി നൽകുകയും ചെയ്യും; അപ്പൊസ്തലൻ സൂചിപ്പിക്കുന്നതുപോലെ നാം ആത്മാവിനാൽ കൊയ്യും, "ജഡത്തിൽ വിതക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും" (ഗലാ. 6:8).

എന്നിരുന്നാലും, ഈ വിതയും കൊയ്ത്തും നടത്തേണ്ടത് പുതിയ മനസ്സും ഇച്ഛയുമാണ് മറിച്ച് ജഡമല്ല എന്നു നാം ഓർമ്മിക്കേണ്ടതാണ്. ജഡം എത്രമേൽ ബലഹീനവും അപൂർണ്ണവും ആയിരുന്നാലും ദൈവം നമ്മെ വിധിക്കുന്നത് അതിൻ പ്രകാരമല്ല. അതിനു വിരുദ്ധമായി അവൻ ഹൃദയത്തെ നോക്കുന്നു, നമ്മുടെ ഉദ്ദേശ്യശുദ്ധി നോക്കുന്നു.




അതായത് ഇച്ഛയെ നോക്കുന്നു, അവിടുത്തെ പ്രതിഫലം അല്ലെങ്കിൽ ശിക്ഷാവിധി നമ്മുടെ ഹൃദയങ്ങളുടെ ആഗ്രഹത്തിനും പരിശ്രമത്തിനും അനുസരിച്ചായിരിക്കും. വിശ്വസ്തതയോടെയും സ്ഥിരതയോടെയും നല്ല

ഭടനായി കഷ്ടം സഹിച്ചാൽ എന്ത് സംഭവിച്ചാലും അവിടുന്ന് നമ്മെ വിജയിയായി കണക്കാക്കും.

നാം അചഞ്ചലരും ആത്മാർത്ഥതയുള്ളവരുമായ ശിഷ്യന്മാരായി കർത്താവിന്റെ വചനത്തിൽ നില നിന്നാൽ നാം "സത്യം അറിയുകയും" "യഥാകാല സത്യത്തിൽ [തക്കകാല സത്യം] നില നിൽക്കുകയും" "സത്യത്തിൽ വേരൂന്നുകയും ഉറപ്പിക്കുകയും" ചെയ്യും. മാത്രവുമല്ല അങ്ങനെ ആയാൽ നാം "വിശ്വാസത്തിൽ ഉറപ്പുള്ളവരായി" "തമ്മിലുള്ള പ്രത്യാശയ്ക്ക് ന്യായം പറയാൻ" കഴിവുള്ളവരും ആയിരിക്കും. കൂടാതെ "വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിച്ച വിശ്വാസത്തിനായി പോരാടുകയും" "നല്ല യുദ്ധസേവ ചെയ്യുകയും" "നല്ല സ്വീകാരത്തിനു സാക്ഷികളാവുകയും" കുഞ്ഞാടിന്റെ അനുയായികളായി "യേശുക്രിസ്തുവിന്റെ നല്ല പടയാളികളെപ്പോലെ ഉറച്ചു നിൽക്കുകയും" ചെയ്യും.

# വിവിധ തരം പുനഃരുത്ഥാനം

## VARIOUS TYPES OF RESURRECTION

**"എന്നാൽ നീ ഭാഗ്യവാനാകും; നിനക്കു പ്രത്യുപകാരം ചെയ്‌വാൻ അവർക്കു വകയില്ലല്ലോ; നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ഉണ്ടാകും" (ലൂക്കൊസ്. 14:14)**

വിവിധ തരത്തിലുള്ള പുനഃരുത്ഥാനത്തെ നമുക്ക് പരിഗണിക്കാം. ഒന്നാമത്തെ പുനഃരുത്ഥാനമായ ചെറിയ ആട്ടിൻകൂട്ടത്തിന്റെ പുനഃരുത്ഥാനത്തെ വെളിപാട് 20:6 ൽ ഇപ്രകാരം പറയുന്നു: "ഒന്നാമത്തെ പുനഃരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു. അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരമില്ല. അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടി ആയിരം ആണ്ട് വാഴും" (1 തെസ്സ 4:16 കാണുക); അത് ദിവ്യപ്രകൃതിയിലേക്കാകുന്നു (2 പത്രൊ. 1:4).

ക്രമത്തിലുള്ള അടുത്ത പുനഃരുത്ഥാനം മഹാപുരുഷാരത്തിന്റേതാണ്. "അവളെ ചിത്രത്തലയുള്ള വസ്ത്രം ധരിപ്പിച്ച് രാജസന്നിധിയിൽ കൊണ്ടുവരും; അവളുടെ തോഴിമാരായി കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടുവരും" (സങ്കീ. 45:14; വെളി. 7:9-17). ശേഷം പുരാതന വീരന്മാരുടെയും യുവ വീരന്മാരുടെയും പുനഃരുത്ഥാനമായിരിക്കും, നല്ലയൊരു പുനഃരുത്ഥാനം: "അവർ [വീരന്മാർ] നമ്മെ കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിനു ദൈവം നമുക്കു [ചെറിയ ആട്ടിൻകൂട്ടം] വേണ്ടി ഏറ്റവും നല്ലതൊന്നു മുൻകരുതിയിരുന്നു" (എബ്രാ. 11:40).

**വിവിധ പുനഃരുത്ഥാനങ്ങൾ**

**ചെറിയ ആട്ടിൻകൂട്ടം**
(വെളി. 20:6)
**മഹാ പുരുഷാരം**
(സങ്കീ. 45:14)
**പുരാതന വീരന്മാരും യുവവീരന്മാരും**
(എബ്രാ. 11:40)
**എപ്പിഫനി പാളയ സമർപ്പിതർ**
(ലൂക്കൊ. 14:14)
**ലോകത്തിന്റെ പുനരുത്ഥാനം**
**(നീതിമാന്മാരുടെയും നീതികെട്ടവരുടെയും)**
(അപ്പൊ. 24:15)

മറ്റൊരു പുനഃരുത്ഥാനം എപ്പിഫനി പാളയ സമർപ്പിതരുടേതാണ്; നീതിമാന്മാരുടെ പുനഃരുത്ഥാനം: ലൂക്കൊസ് 14:14, "എന്നാൽ നീ ഭാഗ്യവാനാകും; നിനക്കു പ്രത്യുപകാരം ചെയ്‌വാൻ അവർക്കു വകയില്ലല്ലോ; നീതിമാന്മാരുടെ പുനഃരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ഉണ്ടാകും" (യോഹ. 5:28). ഇത് ഭൗമിക, മാനുഷിക പ്രകൃതിയിലായിരിക്കും.

ശേഷമായിരിക്കും ലോകത്തിന്റെ പുനഃരുത്ഥാനം, നീതികെട്ടവരുടെ പുനഃരുത്ഥാനം: "നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനഃരുത്ഥാനം ഉണ്ടാകും എന്ന് ഇവർ കാത്തിരുന്നതു പോലെ ഞാനും ദൈവത്തിങ്കൽ ആശവെച്ചിരിക്കുന്നു" (അപ്പൊ. 24:15). യെശ. 25:9 ൽ നാം വായിക്കുന്നു: "അന്നാളിൽ [സഹസ്രാബ്ദ ദിവസം]: ഇതാ നമ്മുടെ ദൈവം [ക്രിസ്തു]; അവനെയത്രേ നാം കാത്തിരുന്നത്; അവൻ നമ്മെ രക്ഷിക്കും. ഇതാകുന്നു യഹോവ; അവനെയത്രേ നാം കാത്തിരുന്നത്; അവന്റെ രക്ഷയിൽ നമുക്ക് ആനന്ദിച്ചു സന്തോഷിക്കാം (അജ്ഞതയുടെ മൂടുപടത്തിൽ നിന്നും ആദാമ്യ മരണത്തിൽ നിന്നും) എന്ന് അവർ പറയും". (ഇംഗ്ലീഷ് പരിഭാഷ കാണുക) നീതികെട്ടവരെ അപ്രകാരം വിളിക്കപ്പെടുന്നത്, ഈ ആയുസ്സിൽ അവർ നീതികരിക്കപ്പെടാത്ത അവസ്ഥയിലായിരുന്നതിനാലാണ്.

നാല് തിരഞ്ഞെടുപ്പ് ഗണങ്ങളോടൊപ്പം എപ്പിഫനി പാളയ സമർപ്പിതരും തിരഞ്ഞെടുപ്പ് രക്ഷയിലേക്ക് വിളിക്കപ്പെട്ടതായി കൃത്യമായി പറഞ്ഞിരിക്കുന്നു. സീയോൻ, മോറിയാ, അക്രാ, ബസീത്താ,

ഓഫേൽ എന്നിവയാൽ ചിത്രപ്പെടുത്തിയിരിക്കുന്ന ചെറിയ ആട്ടിൻകൂട്ടം, പുരാതന വീരന്മാർ, മഹാപുരുഷാരം, യുവവീരൻമാർ, എപ്പിഫനി പാളയ സമർപ്പിതർ എന്നീ അഞ്ച് യഥാസ്ഥാപന പൂർവ്വ സമർപ്പിത ഗണങ്ങളെ വിശുദ്ധിയിൻ പെരുവഴിയിൽ തിരഞ്ഞെടുക്കപ്പെടാത്തവരെ സഹായിക്കുന്നതിന് ദൈവം പ്രത്യേക ഉപകരണങ്ങൾ ആക്കുമെന്ന് PT 77 p 38 -ൽ നാം വായിക്കുന്നു.

തന്നോട് ഉടമ്പടി ബന്ധത്തിൽ പ്രവേശിച്ചിരിക്കുന്നതായ അഞ്ചാമത്തെ പ്രാധാന്യമുള്ള ഗണത്തെ സംബന്ധിച്ചുള്ള അറിവുകൾ യഹോവ ലഭ്യമാക്കിയിരിക്കുന്നു; എപ്പിഫനി പാളയ സമർപ്പിതർ ആകുന്ന അതിലെ മുന്തിയ വിഭാഗത്തെ ശേബാ രാജ്ഞി ഗണമെന്ന് പറഞ്ഞിരിക്കുന്നു. പാപം തുടർന്നും ഉയർന്നു നിൽക്കുന്ന കാലത്ത് ഒരു പ്രത്യേകമായ വിളിയിൻ കീഴിലാണ് എപ്പിഫനി പാളയ സമർപ്പിതർ വിളിക്കപ്പെട്ടിരിക്കുന്നത്. സമർപ്പണം തുടർന്നും മരണത്തിലേക്കാണ്. അബ്രഹാമിന്റെ സഹസ്രാബ്ദപൂർവ്വ സന്തതിയെന്ന നിലയിൽ, അവർക്ക് നീതിമാന്മാരുടെ പുനഃരുത്ഥാനം ലഭിക്കും. ക്രിസ്തുവിലുള്ള വിശ്വാസം മൂലമവർ ഇപ്പോൾ താത്കാലികമായി നീതികരിക്കപ്പെട്ടിരിക്കുകയും ആണയാൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന ഉടമ്പടിയുടെ ഭൗമിക അവകാശത്തിൻ കീഴിൽ അബ്രഹാമിന്റെ സഹസ്രാബ്ദ പൂർവ്വ സന്തതിയായി സമർപ്പണത്തിൽ (സദൃശ. 23:26) ദൈവം അവരെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു; ദൈവത്തോട് പ്രാർത്ഥിപ്പിപ്പാനും കൂട്ടായ്മയിലായിരിക്കുവാനുള്ള അവകാശവും അവർക്കുണ്ട്. മഹത്തായ പരിശോധനയുടെ കീഴിൽ അവർ തങ്ങളെത്തന്നെ വിശ്വസ്തർ എന്നു തെളിയിക്കുന്നതിനാൽ, പൊതുവിൽ യഥാസ്ഥാനപ്പെടുന്നവർക്കുള്ളതിൽ നിന്നും ഉയർന്ന അംഗീകരണം ദൈവമവർക്ക് നല്കും. വീരന്മാരുടെ പ്രത്യേക സഹായികൾ എന്ന വിശേഷാവകാശം അവർക്ക് ലഭിക്കുകയും വിശുദ്ധിയിൻ പെരുവഴിയിൽ മാനവജാതിക്ക് കടന്നുവരുന്നതിൽ യോഗ്യരായ സഹായികൾ ആയിരിക്കുകയും ചെയ്യും. എത്ര ഉത്കൃഷ്ടനായ സ്വർഗീയ പിതാവാണ് നമുക്കുള്ളത്! നമ്മോടെല്ലാം എത്രമാത്രം കരുണനിറഞ്ഞ പിതാവാണ് താൻ. ദൈവത്തോടുള്ള സ്നേഹത്തിലും സന്തോഷത്തിലും നമ്മെത്തന്നെ ആക്കിവെക്കാം (യൂദാ. 21)!

ക്രിസ്തുവിൻ മണവാട്ടിയുടെ ശേഖരണം പൂർത്തിയാക്കപ്പെടുമ്പോൾ, തങ്ങളുടെ ജീവിതഗതി പൂർത്തിയാക്കുന്ന ദൈവത്തിന്റെ സമർപ്പിത ജനത്തിന്റെ മൂന്ന് ഗണങ്ങൾ ഉണ്ടായിരിക്കുമെന്ന് ദൈവിക നിർണ്ണയത്തിന്റെ കാലലക്ഷണങ്ങൾ ദൈവത്തിന്റെ സമർപ്പിത മക്കളെ പഠിപ്പിക്കുന്നു – മഹാപുരുഷാരം, യുവവീരന്മാർ, എപ്പിഫനി പാളയ സമർപ്പിതർ. പൊരുളിലെ ശലോമോനായ നമ്മുടെ കർത്താവിനോട് പ്രത്യേക ബന്ധത്തിലായിരിക്കുന്ന സ്ത്രീകളുടെ മൂന്ന് കൂട്ടത്തെ കാട്ടിത്തരുന്ന ഉത്തമഗീതം 6:8 ന്റെ 1954 ന്റെ അനന്തര നിവൃത്തിയുടെ ചിത്രത്തിൽ ഇത് ചിത്രീകരിച്ചിരിക്കുന്നതായി കാണുന്നു. രാജ്യത്തിന്റെ ആത്മീയ വശത്ത് പുതിയ സൃഷ്ടികളായ മഹാപുരുഷാരം പൊരുളിലെ ശലോമോനോടുള്ള അടുത്ത ബന്ധത്തിൽ ചെറിയ ആട്ടിൻകൂട്ടത്തെ തുടർന്നുവരുന്നു. ആയതിനാൽ, അവർ യോഗ്യമായി ശലോമോന്റെ രാജ്ഞിമാരെ കുറിക്കുന്നു, അവനോട് ഇക്കൂട്ടത്തിൽ അവർക്കായിരുന്നു അടുത്ത ബന്ധം. Feb 14, 1979 ൽ പാസ്റ്റർ ജോളിയുടെ മരണത്തോടുകൂടി യുവവീരന്മാർ, എപ്പിഫനി പാളയ സമർപ്പിതർ എന്നീ രണ്ട് ഗണങ്ങളെ ശേഷിപ്പിച്ചുകൊണ്ട് മഹാപുരുഷാരം പൂർത്തീകരിക്കപ്പെട്ടു.

തന്നോട് അടുത്തതായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്ന ശലോമോന്റെ വെപ്പാട്ടിമാരാൽ ചിത്രപ്പെടുത്തിയിരിക്കുന്ന യുവവീരന്മാരാണ് അടുത്തതായി ചേർന്ന ബന്ധത്തിലുള്ളതെന്ന് നമുക്ക് മനസ്സിലാക്കിത്തരുന്നു. അടുത്തതായി ചേർന്നുള്ള ബന്ധത്തിലുള്ളത് എപ്പിഫനി പാളയ സമർപ്പിതരാണ്. ശലോമോനോട് ശേഷം ബന്ധത്തിലായതിനാലും ദാമ്പത്യപരമായ ബന്ധമില്ലാത്തതിനാലും അവരെ കന്യകമാരാൽ ചിത്രപ്പെടുത്തിയിരിക്കുന്നു. മഹാപുരുഷാരത്തെയും യുവവീരന്മാരെയും പോലെ എപ്പിഫനി പാളയസമർപ്പിതരും "അസംഖ്യം" ആവുന്നു. എന്തെന്നാൽ ഈ മൂന്ന് ഗണങ്ങൾക്കും കൃത്യമായ എണ്ണമില്ല. എപ്പിഫനി പാളയ സമർപ്പിതരെ ശക്തീകരിക്കുന്നതിനും ദൈവവചനത്തിലുള്ള വിശ്വാസം ദൃഢീകരിക്കുന്നതിനും അവസരോചിതമായി ബന്ധപ്പെട്ട യഥാകാലസത്യം കൂടുതലായി തുറന്നുതരുന്നതിനായി ദൈവത്തിനും കർത്താവായ യേശുവിനും നന്ദി കരേറ്റുകയും സ്തുതിക്കുകയും ചെയ്യുന്നു. ഇക്കാര്യം, നമ്മോടും തന്റെ എല്ലാ ജനത്തോടും ഈ യുഗത്തിലുടനീളം കർത്താവിന്റെ പൊതുവായ ഇടപെടലിനോട് പൂർണ്ണമായ ചേർച്ചയിലല്ലയോ? "നീതിമാന്മാരുടെ പാതയോ... നട്ടുച്ചവരെ അധികമധികം ശോഭിച്ചു വരുന്നു" (സദൃ. 4:18). അവന്റെ പ്രസ്താവന അതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു!

പൊരുളിലെ പാപപരിഹാര ദിവസത്തിലെ കാളയുടെ ബലി (ലേവ്യ. 16:11-14) തന്റെ മാനുഷ്യത്വം, മഹാപുരോഹിതനെന്ന നിലയിൽ യേശു അർപ്പി

ക്കുകയും തന്നുടെ ബലിമരണത്താൽ പൊരുളിലെ രണ്ടാം തിരശീലയ്ക്കു കീഴിൽ ചെല്ലുകയും ശേഷം തന്റെ പുനഃരുത്ഥാനത്തിൽ അതിപരിശുദ്ധത്തിൽ ദിവ്യപ്രകൃതിയുള്ളവനായി ഉയർക്കുകയും ചെയ്തു (എബ്രാ. 10:19,20). അവിടെ, തന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം കൃപാസനത്തിൻമേൽ പൊരുളിലെ കാളയുടെ രക്തം അവൻ തളിക്കുകയും, തത്ഫലമായി തന്റെ ശിഷ്യന്മാരിലേക്ക് പെന്തെക്കോസ്ത് അനുഗ്രഹങ്ങൾ വന്നുചേരുകയും ചെയ്തു. ദൈവീക സാന്നിധ്യത്തിൽ ചെറിയ ആട്ടിൻകൂട്ടമായ സഭയുടെ ആദ്യഫലമായ "നമുക്കു വേണ്ടിയും" മഹാപുരുഷാരത്തിനും (എബ്രാ. 9:24; Tp 58,59) അവൻ പ്രത്യക്ഷനാവുകയും അവർ മുഖാന്തരം മറുവിലയിൻ പുണ്യം കണക്കിട്ടുകൊടുക്കുകയും ചെയ്തു. "യുഗങ്ങൾക്കിടയിൽ സമർപ്പണം ചെയ്യുന്നവർക്ക്" ഒരു താത്കാലിക കണക്കിട്ടുകൊടുക്കൽകൂടി അവൻ നിർവ്വഹിക്കുന്നു (PT '99 p 87; എപ്പിഫനി വാല്യം 4 pp 407,408 മായി താരതമ്യം ചെയ്യുക).

യേശു മഹാപുരോഹിതനായി നിത്യവും അതിവിശുദ്ധത്തിൽ പിതാവിനോടൊത്തായിരിക്കുമ്പോഴും, മാനുഷപ്രകൃതിയിലുള്ള ചെറിയ ആട്ടിൻകൂട്ടമായ കർത്താവിന്റെ ആടുകളോടുള്ള ബന്ധത്തിൽ സുവിശേഷ യുഗത്തിൽ പ്രാകാരത്തിൽ അവൻ ശുശ്രൂഷ ചെയ്യുന്നതായി ചിത്രീകരിച്ചിരിക്കുന്നു. ഈ വേലയിൽ ലോകത്തിന്റെ മഹാപുരോഹിതനെന്ന നിലയിൽ യേശുവിനോട് ശരീരാംഗങ്ങൾ സഹകരിക്കുന്നു (കൂടാര നിഴലുകൾ, പേജ് 50, 51), യുഗാന്ത്യത്തിൽ അസസേലിന്റെ ആടായ, മാനുഷപ്രകൃതിയിലുള്ള മഹാപുരുഷാരത്തോടുള്ള ബന്ധത്തിലും.

ലോകത്തിന്റെ മഹാപുരോഹിതൻ 1881 മുതൽ യുവവീരന്മാരോടും, 1954-ന്റെ ഗ്രീഷ്മത്തെത്തുടർന്ന് "യുഗങ്ങൾക്കിടയിൽ സമർപ്പണം ചെയ്യുന്നവരായ" എപ്പിഫനി പാളയ സമർപ്പിതരോടും ബന്ധപ്പെട്ട വേലയും നിർവ്വഹിക്കുന്നു. യഥാർത്ഥത്തിൽ, ഈ മഹാപുരോഹിതൻ, സമർപ്പണമില്ലാത്ത താത്കാലിക നീതീകരണമുള്ളവർക്കു വേണ്ടിയും പ്രവർത്തിച്ചുവരുന്നു (എപ്പിഫനി വാല്യം 4 പേജ് 69). സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ച ആരംഭിക്കുന്നതിന് മുൻപ് സമർപ്പണം ചെയ്തവരായ അവരെല്ലാവരും അബ്രഹാമിന്റെ സഹസ്രാബ്ദ പൂർവ്വ സന്തതിയിൽ പെടുന്നവരാണ് (എപ്പിഫനി വാല്യം 11 പേജ് 293).

പ്രാകാരത്തിന്റെ വാതിൽക്കൽ ലോകത്തിന്റെ മഹാപുരോഹിതന് നേർച്ചകളെ മുന്നമേ "കൊണ്ടുവരുന്നതോ" അല്ലെങ്കിൽ അർപ്പിക്കുന്നതോ ആയിട്ടാണ് എപ്പിഫനി പാളയ സമർപ്പിതരെ ദൈവം പരിഗണിക്കുന്നത്. മാദ്ധ്യസ്ഥ വാഴ്ച തുടങ്ങുന്നതിനും പൊരുളിലെ എല്ലാ യിസ്രയേല്യരും തങ്ങളുടെ നേർച്ചകളെ കൊണ്ടുവരുന്നതിനും മുമ്പ് ഈ നിഴൽ പൂർത്തീകരിക്കപ്പെടും. വിശ്വാസത്താൽ നീതികരിക്കപ്പെട്ടിരിക്കയാൽ, നീതിമാന്മാരുടെ പുനഃരുത്ഥാനത്തിൽ എപ്പിഫനി പാളയ സമർപ്പിതർ പങ്കുകാരാവും, എന്നാൽ പുരാതന വീരന്മാർക്കും യുവവീരന്മാർക്കുമുള്ള "നല്ലയൊരു പുനഃരുത്ഥാനത്തിലേക്കല്ല. എപ്പിഫനി പാളയ സമർപ്പിതർ, പൊരുളിലെ മിര്യാമിന്റെ മുഖ്യ ഭാഗമാവുകയും, പൂർണ്ണതയുള്ള ഭൂമിയിൽ യഥാസ്ഥാനപ്പെട്ടവർക്കിടയിൽ സഹസ്രാബ്ദാനന്തരം അവർക്ക് ആദരവർഹിക്കുന്ന ഒരു സ്ഥാനമുണ്ടായിരിക്കുകയും ചെയ്യും (എപ്പിഫനി വാല്യം 11, പേജ് 293)

**യേശുവാണ് ന്യായാധിപൻ**



**"പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു"; "അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവനു അധികാരവും നല്കിയിരിക്കുന്നു" യോഹ. 5:22,27**

## നമ്മുടെ കർത്താവിന്റെ പുനഃരുത്ഥാനത്തിന്റെ പര്യാലോചന

നമ്മുടെ യഥാസ്ഥാപനം അല്ലെങ്കിൽ നീതീകരണം എന്നതിനോട് നമ്മുടെ കർത്താവിന്റെ പുനഃരുത്ഥാനത്തിന് എന്തു ചെയ്യുവാൻ കഴിയും എന്ന ഒരു പര്യാലോചന ഞങ്ങൾ ഇപ്പോൾ നല്കുന്നു. നമ്മെ ക്രിസ്തുവിൻ വിലയേറിയ രക്തത്താൽ മരണത്തിൽ നിന്നും വീണ്ടെടുത്തതായി വെളിപ്പെടുത്തിയെന്നാലും, മനുഷ്യരാശിയുടെ ജീവൻ പാപത്തിൽ നിലനിർത്തുക എന്നതല്ല ദൈവിക ഉദ്ദേശ്യം, മറിച്ച് പാപത്തിൽ നിന്നും അതിന്റെ നീതിപൂർവ്വമായ പിഴയായ മരണത്തിൽ നിന്നും അവരെ വീണ്ടെടുക്കുക എന്നതാണ്. ക്രിസ്തുവിന്റെ മരണത്താൽ ഇടവന്ന ദൈവിക ക്രമീകരണങ്ങൾക്ക് കീഴിലാണ് ഇവ നിർവ്വഹിക്കുന്നതിനുള്ള നീതിപൂർവ്വമായ അവകാശമെങ്കിലും, ഈ വേല പൂർത്തികരിക്കപ്പെടുന്നതിന് യോഗ്യമായ സമയം ആവശ്യമാണ്. "താൻ [ദൈവം] നിയമിച്ച പുരുഷൻ [യേശു ക്രിസ്തു] മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു" (അപ്പൊ. 17:31) യേശുവിന്റെ പുനരുത്ഥാനം ഈ ഉദ്ദേശ്യത്തിനു വേണ്ടിയായിരുന്നു എന്ന് എഴു

തിയിരിക്കുന്നു. അവൻ “ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു” (യോഹ. 5:22). മഹാവലിയ പ്രവാചകനും പുരോഹിതനും രാജാവുമായ ക്രിസ്തുവിനു കീഴിൽ ലോകത്തിന്റെ ന്യായവിധിക്ക് ക്രമീകരിച്ചിരിക്കുന്നതായ ഈ ദിവസം സഹസ്രാബ്ദം അല്ലെങ്കിൽ ക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ചയാണ്.

വിശുദ്ധ എഴുത്തുകാർ വഴിയായി യഥാസ്ഥാപനം അല്ലെങ്കിൽ നീതീകരണം എന്ന ഈ മഹാവേലയുടെ പല പ്രത്യേക ലക്ഷണങ്ങളെപ്പറ്റി കൃത്യമായി ഊന്നിപ്പറഞ്ഞിട്ടുണ്ട്. “കല്ലറകളിൽ ഉള്ളവർ എല്ലാവരും... നാഴിക വരുന്നു” (യോഹ. 5:28,29) എന്ന് പറഞ്ഞുകൊണ്ട് മരണത്തിൽ നിന്നും എല്ലാവരും ഉയിർക്കുന്നതിനെ സംബന്ധിച്ച് നമ്മുടെ കർത്താവ് സംസാരിക്കുന്നു. “നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം ഉണ്ടാകും” (അപ്പൊ. 24:15). സമുദ്രം വെള്ളം കൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ മഹത്വത്തിന്റെ പരിജ്ഞാനത്താൽ പൂർണ്ണമാകും (ഹബ. 2:14) എന്നവ നമ്മോട് പറഞ്ഞുകൊണ്ട്, വലിയ പ്രകാശിപ്പിക്കലിന്റെയും ജ്ഞാനത്തിന്റെയും സ്വാധീനങ്ങൾ പ്രയോഗിക്കുന്നതിനായി ക്രമപ്പെടുത്തിയത് കാട്ടിത്തരും; ഒരുവനും ഒഴിവായി പോകുവാൻ സാധിക്കാത്ത അധികാരത്താൽ വളയാത്ത നീതിയാൽ, ലോകം ഇരുമ്പുകോൽ കൊണ്ട് മേയിക്കപ്പെടും (വെളി. 2:27). നീതിക്ക് അനുകൂലമായി പൊതുബോധം തിരിഞ്ഞുവരുന്നതും മുഴുലോകവും പുനർജീവിപ്പിച്ചു മഹത്വമുള്ള മതം വ്യാപരിക്കുന്നതും കാട്ടിത്തന്നുകൊണ്ട്, വീണ്ടെടുക്കപ്പെട്ടവർ നടക്കുന്നതിനായി ഒരു വിശുദ്ധിയിൻ പെരുവഴി [പൊതുവായി ഏവർക്കും സഞ്ചരിക്കാവുന്ന വഴി] ഒരുക്കപ്പെട്ടിരിക്കും (യെശ. 35:8,9; 40:3; 62:10). ഇക്കാലത്ത് അനുവദിക്കപ്പെട്ടിരിക്കുന്ന തിന്മകൾക്ക് ഒന്നും തന്നെ നീതിയുടെ മഹത്വമേറിയ വാഴ്ചയിൽ സ്ഥാനമുണ്ടായിരിക്കുകയില്ല എന്ന് കാട്ടിത്തന്നുകൊണ്ട്, തിന്മയിലേക്ക് പ്രലോഭിപ്പിക്കുന്ന ഇടർച്ച കല്ലുകൾ പെറുക്കിക്കളയുന്നതെപ്രകാരമെന്ന് (യെശ. 62:10) അവർ കൂടുതലായി നമ്മോട് അറിയിച്ചു തരും. അപ്രകാരം പുസ്തകങ്ങൾ തുറക്കപ്പെടുന്നത് ഇന്നും നടക്കുന്നു; എന്നാൽ ലോകത്തു അന്ധതയുള്ള കണ്ണുകൾക്ക് മുന്നിലല്ല, മറിച്ച് വിശ്വാസത്തിന്റെ ഭവനത്തിലെ അഭിഷിക്ത കണ്ണുകൾക്ക് മുൻപിൽ മാത്രമാണ് അത് തുറക്കപ്പെടുന്നത്.

എപ്പിഫനി പാളയ സമർപ്പിതർക്ക് (തിരഞ്ഞെടുപ്പ് ഗണങ്ങൾ തങ്ങളുടെ അംഗസംഖ്യ പൂർത്തീകരിച്ചതിനു ശേഷവും പുതിയ ഉടമ്പടിക്കു കീഴിൽ വിശുദ്ധിയിൻ പെരുവഴി തുറക്കപ്പെടുന്നതിനും മുൻപ് മഹാഉപദ്രവകാലത്ത് വിവിധ പരിശോധനകൾക്ക് കീഴിൽ സമർപ്പണം ചെയ്യുകയും വിശ്വസ്തരെന്ന് തെളിയിക്കുകയും ചെയ്യുന്നവർ) മറ്റു യഥാസ്ഥാന ഗണത്തേക്കാൾ പൊതുവിൽ കൂടുതലായ അവകാശം ലഭിക്കും. അങ്ങനെ അവർ ഉയർന്ന ഒരു മാനത്തിന് അവിടെ അർഹരായിത്തീരും.




## എപ്പിഫനി പാളയ സമർപ്പിതരുടെ പ്രാധാന്യം

ഇടക്കാലത്ത് ജാതീയ വംശാവലിയിലെ സമർപ്പിത വിശ്വാസികളിൽ ചിലർക്ക് (യിസ്രായേല്യർ എന്ന് ദൈവം അവരെ എണ്ണുന്നു) രാജ്യത്തിൽ ജഡീക യിസ്രായേലിനും മുകളിൽ പ്രാധാന്യം നല്കപ്പെടുമെന്നത് റസ്സൽ സഹോദരന്റെയും ജോൺസൻ സഹോദരന്റെയും പഠിപ്പിക്കലുകളാണെന്ന് ഊന്നിപ്പറയുകയും എന്നാൽ ജെ.എഫ്. റൂഥർഫോർഡും മറ്റു ചിലരും ഈ പഠിപ്പിക്കലിനെ നിന്ദിക്കുകയും ചെയ്യുമ്പോൾ, യഥാകാല സത്യവും (PT) മറ്റുള്ളവയും വഴി ഇക്കാലത്ത് ഞങ്ങൾ അതിനെ ഉറപ്പിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നു. അരിക്കൽ വേലക്കാർ റസ്സൽ സഹോദരനെയും ജോൺസൻ സഹോദരനെയും വളരെയധികം നിന്ദിക്കുന്നു. “ആദ്യം യഹൂദന്” എന്ന പൊതു തത്വം പുതിയ ഉടമ്പടിക്കു കീഴിൽ ജാതീയ വംശാവലിയിലെ യുവ വീരന്മാരുടെ ഗണത്തിന് വ്യത്യസ്തപ്പെടുത്താൻ ദൈവത്തിനാകുമെങ്കിൽ, പാപം തുടർന്നുകൊണ്ടിരിക്കുമ്പോഴും തന്നോട് സമർപ്പണത്തിൽ വിശ്വസ്തരായിരിക്കുന്ന ജാതീയ വംശാവലിയിൽ വരുന്ന എപ്പിഫനി പാളയ സമർപ്പിതർ എന്ന മറ്റൊരു സമർപ്പിത ഗണത്തിനും എന്തുകൊണ്ട് ദൈവത്തിന് ഒരു വ്യത്യസ്തത വരുത്തിക്കൂടാ എന്നതിന് ഒരു കാരണമില്ലായെന്ന് ഈ അരിക്കൽ വേലക്കാരൻ സമ്മതിക്കുന്നു എന്ന് യഥാകാല സത്യം 1972 പേജ് 15 ൽ ഞങ്ങൾ കാണിച്ചു തരുന്നു. സമർപ്പിതർക്കു വേണ്ടി തന്റെ ഏറ്റവും ശ്രേഷ്ഠവും യോജ്യവുമായ കരുതലുകൾ ദൈവമെപ്പോഴും കരുതിയിരിക്കുന്നു.

ദൈവം വ്യക്തികളെ വിലമതിക്കുന്നതും തന്റെ കരുതലുകൾ അവർക്ക് സമ്മാനിക്കുന്നതും, ഹൃദയാവസ്ഥയെയും തന്നോടുള്ള അവരുടെ അടുത്ത ബന്ധത്തെയും ആശ്രയിച്ചിരിക്കുന്നു. ശാരീരിക രൂപം, ശക്തി, ആരോഗ്യം മുതലായ ബാഹ്യമായ ഒന്നിനെയും അതാശ്രയിക്കുന്നില്ല (1 ശമു. 16:7). ദൈവം വ്യക്തികളെ ആദരിക്കുന്നില്ല (ആവ. 10:17; 2 ദിന. 19:7; അപ്പൊ. 10:34,35; റോമ. 2:11; എഫേ. 6:9; കൊലൊ. 3:25; 1 പത്രൊ. 1:17; യഥാകാല സത്യം 1942 പേജ് 53, 2-ാം കോളം 1-ാം പാരഗ്രാഫ്; യഥാകാല സത്യം 1957 പേജ് 36, 2-ാം കോളം, 2-ാം പാരഗ്രാഫ്). മറിച്ച് സ്വഭാവഗുണങ്ങളെ ആദരിക്കുന്നു (റോമർ 9:13) യഹൂദാ വംശാവലിയിൽ ഉള്ളവരോ അല്ലാത്തവരോ, സമർപ്പിതരെ ("ജഡത്തിൽ യഹൂദനെന്നോ ജാതീയനെന്നോ എന്നതിനുപരി" യിസ്രയേല്യൻ, യഹൂദൻ എന്ന് ദൈവം എണ്ണുന്ന സകലരും) ദൈവം സമർപ്പണമില്ലാത്തവരിൽ നിന്നും ഉയർന്ന തലത്തിലുള്ള അബ്രഹാമ്യ സന്തതിയായി എപ്പോഴും പരിഗണിക്കുന്നു.

ആദ്യം യഹൂദന് എന്നതിനെ സംബന്ധിച്ച് നാം വ്യക്തതയുള്ളവരായിരിക്കാം; റോമർ 1:16 നമുക്ക് സുപരിചിതമാണ്, "സുവിശേഷത്തെക്കുറിച്ചു എനിക്ക് ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യെഹൂദനും പിന്നെ യവനനും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ". പരമവിളിയിലേക്ക് ആദ്യം യഹൂദന് ദൈവം കൃപ നല്കിയിരുന്നുവെന്ന് നമുക്കറിയാം. എന്നാൽ "ആദ്യം യഹൂദന്" എന്ന തത്വം യുവ വീരന്മാരുടെ വിളിയുടെ കാര്യത്തിൽ പിൻതുടർന്നില്ലായെന്ന് വസ്തുതകൾ കാട്ടിത്തരുന്നു. യാക്കോബിന്റെ കഷ്ടകാലത്തിന്റെ രണ്ടാം ഘട്ടത്തിൽ, യിസ്രായേലിന്റെ മനംതിരിവ് സംഭവിക്കുമ്പോൾ, ധാരാളം യഹൂദർ എപ്പിഫനി പാളയ സമർപ്പിതരാവുമെങ്കിലും എപ്പിഫനി പാളയ സമർപ്പിതരുടെ വിളിയിലും ആ തത്വം പിൻതുടർന്നിരുന്നില്ല.

ഉദ്ധരണി: വിവിധ ഗണങ്ങളിൽ, വിജാതീയരിൽ നിന്നും വിളിക്കപ്പെട്ടിരിക്കുന്നവർ പൊതുവിൽ ചിലർ യഹൂദരെക്കാൾ മുൻപായിട്ട് പുതിയ ഉടമ്പടിയിൻ കീഴിൽ കൊണ്ടുവരപ്പെട്ടുവെങ്കിലും അതുപോലെ അവർ മരണത്തിൽ നിന്നും ഉയിർക്കുമെങ്കിലും ഒരു വലിയ അളവിൽ "ആദ്യം യഹൂദൻ" എന്ന തത്വം പാലിക്കപ്പെടും (പൊരുളിലെ കെതൂറാ – ഉല്പ. 25:1-4; യഥാകാല സത്യം 1957 pp 22-24 യഥാസ്ഥാപന ഉടമ്പടി). പുരാതന വീരന്മാർ - എബ്രായർ - വലിയ അളവിൽ പ്രഥമഗണന ലഭിക്കും. പുരാതന വീരന്മാരിലും യുവ വീരന്മാരിലും പ്രമുഖരായ 70 പേരെ കെതൂറായുടെ ആദ്യ ജാതനായ സിമ്രാനാൽ ചിത്രപ്പെടുത്തിയിരിക്കുന്നു. ശേഷിക്കുന്ന വീരന്മാരെ കെതൂറായുടെ രണ്ടാമത്തെ പുത്രനായ യൊക്ശാനാലും, അവന്റെ രണ്ടു പുത്രന്മാരായ ശെബയും ദെദാനും യഥാക്രമം പുരാതന വീരന്മാരാലും യുവവീരന്മാരാലും ചിത്രപ്പെടുത്തിയിരിക്കുന്നു. "യഥാകാല സത്യത്തെ സംബന്ധിച്ച് അല്പജ്ഞാനമുള്ള ഏതൊരുവനെ സംബന്ധിച്ചും [എപ്പിഫനിയിൽ തക്കകാലമായിരിക്കുന്നത്] കാണുവാൻ സാധിക്കും", പുരാതന വീരന്മാർക്ക് കീഴിൽ മുഖ്യമായും ജാതിയർ അടങ്ങിയിരിക്കുന്ന യുവവീരന്മാർക്ക് പൊതുവിൽ യഹൂദരിൽ നിന്നും ശേഷിക്കുന്ന യഥാസ്ഥാപന ഗണങ്ങളിൽ നിന്നും പ്രഥമ പരിഗണന ലഭിക്കും.

യഥാസ്ഥാപന ഉടമ്പടിയായ പുതിയ ഉടമ്പടിയുടെ കീഴിൽ വരുന്നതും ജാതികൾ മുഖ്യമായും അടങ്ങിയിരിക്കുന്നതുമായ ഒരു ഗണമായ യുവ വീരന്മാരുടെ ഗണത്തിന്റെ കാര്യത്തിൽ "ആദ്യം യഹൂദന്" എന്ന തത്വത്തിന് ദൈവത്തിന് വ്യത്യസ്തത വരുത്തുവാൻ സാധിക്കുമെങ്കിൽ, പാപം നിലനില്ക്കുമ്പോൾ ദൈവത്തോട് സമർപ്പണത്തിൽ വിശ്വസ്തരായിരുന്നവരും യഥാസ്ഥാപന ഉടമ്പടിക്കു കീഴിൽ വരുന്നതും ജാതികൾ മുഖ്യമായും അടങ്ങിയതുമായ എപ്പിഫനി പാളയ സമർപ്പിതർക്ക് കൂടി പൊതുവിൽ യഹൂദരിൽ നിന്നും യഥാസ്ഥാപനക്കാരിൽ ശേഷിക്കുന്നവരിൽ നിന്നും പ്രഥമഗണന നല്കുന്നതിൽ ദൈവത്തിന് ഒരു വ്യത്യസ്തത വരുത്താതിരിക്കുവാൻ ന്യായമായും കാരണമൊന്നുമില്ല. എപ്പിഫനി പാളയ സമർപ്പിതരെ കെരൂറായുടെ മൂന്നാമത്തെ പുത്രനായ മെദാനാൽ ചിത്രപ്പെടുത്തിയിരിക്കുന്നു, എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലുള്ള യഹൂദരെ കെതൂറായുടെ നാലാമത്തെ പുത്രനായ മിദ്യനാൽ ചിത്രപ്പെടുത്തിയിരിക്കയാൽ, അവന്റെ പദ്ധതി ഇപ്രകാരമാണെന്ന് വചനം നമ്മെ കാട്ടിത്തരുന്നു. ആയതിനാൽ, "ആദ്യം യഹൂദന്" എന്ന് അദ്ദേഹം മുന്നോട്ടു വയ്ക്കുന്ന തെറ്റ് പകർത്തുന്നവരുടെ വാദം അടിസ്ഥാനമില്ലാത്തതാണെന്ന് കാണുന്നു. (ഉദ്ധരണി അവസാനിക്കുന്നു. യഥാകാല സത്യം (PT) 1972 p 15).

### സമയോചിതമായ സത്യം നൽകൽ

കെട്ടുപണി ചെയ്യപ്പെട്ടുകൊണ്ട് മുന്നേറിവരുന്ന സത്യത്തെ വെളിച്ചത്തു കൊണ്ടു വരുവാൻ പ്രത്യേകാവകാശമുണ്ടായിരുന്ന പാസ്റ്റർ റസ്സൽ, പാസ്റ്റർ ജോൺസൻ, പാസ്റ്റർ ജോളി എന്നിവരുടെ പഠിപ്പിക്കലുകൾക്ക് വിരുദ്ധമായി തെറ്റ് പരത്തുന്നവർ സംസാരിക്കുകയും ഇന്നും അതിൽ തുടരുകയും ചെയ്യുന്നു.

1874 ൽ ആരംഭിക്കുന്നതായ ക്രിസ്തുവിൻ ആയിരം ആണ്ട് വാഴ്ചയും സാത്താന്റെ ബന്ധനത്തിന്റെ ആരംഭവും, 1914-ൽ ആരംഭിക്കുന്ന എപ്പിഫനി എന്ന കാലം, ആത്മീയ ഉത്പാദനമില്ലാത്ത സമർപ്പിതർ (യുവ വീരന്മാർ), ഏലിയാവിന്റെയും ഏലീശയുടെയും അവസാന പ്രവൃത്തികൾ നിഴൽ പൊരുളുകളിൽ, ചെറിയ ആട്ടിൻ കൂട്ടത്തിന്റെയും മഹാപുരുഷാരത്തിന്റെയും വേർപ്പെടുത്തൽ തുടങ്ങിയവയാണ് കർത്താവ് റസ്സൽ സഹോദരനിലൂടെ നല്കുകയും വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്ത സത്യവചനത്തിലെ വിവിധ ലക്ഷണങ്ങൾ. അദ്ദേഹത്തിന്റെ മരണശേഷം ജോൺസൻ സഹോദരിലൂടെ പറൂസിയാ സത്യങ്ങൾ കൂടുതലായ വിവരണങ്ങളാലും സ്ഥിരീകരണങ്ങളാലും പ്രതിരോധങ്ങളാലും ഈ വിഷയങ്ങളിലുള്ള സത്യങ്ങൾ വിശാലമാക്കപ്പെടുകയും വ്യക്തത കൈവരികയും ചെയ്തു. അവ യഥാകാലസത്യം (PT) എപ്പഫനി വാല്യങ്ങൾ എന്നിവയിലൂടെയാണ് മുഖ്യമായും അവതരിപ്പിച്ചിരിക്കുന്നത്, മഹാപുരുഷാരം, യുവ വീരന്മാർ എന്നീ രണ്ട് എപ്പിഫനി തിരഞ്ഞെടുപ്പ് ഗണങ്ങളെയാണ് അവ മുഖ്യമായും ഉദ്ദേശിച്ചിരിക്കുന്നത്.




1950-ൽ ജോൺസൻ സഹോദരന്റെ മരണശേഷവും, വ്യാപകമായി പ്രചരിപ്പിക്കപ്പെട്ട സത്യത്തിന്റെ വിവരണങ്ങൾ കർത്താവ് നല്കി വരുന്നു; ഈ ഉദ്ദേശ്യത്തിൽ യഥാകാല സത്യം (PT)-യാണ് കർത്താവ് തുടർന്നും ഉപയോഗിക്കുന്നത്. ചെറിയ ആട്ടിൻകൂട്ടത്തിന്റെ മഹത്വത്തിലുള്ള പൂർത്തീകരണം, മഹാപുരുഷാരത്തിന്റെ ശുദ്ധീകരണവും ശുശ്രൂഷയും, 1954-ൽ എപ്പിഫനി കാലത്തിന്റെ ഇടുങ്ങിയ അല്ലെങ്കിൽ പരിമിതമായ അളവിലുള്ള അവസാനം, യുവ വീരന്മാരുടെ വിളിയുടെ അവസാനം, എപ്പിഫനി പാളയത്തിന്റെ നിർമ്മാണം, “മാനസാന്തരവും വിശ്വാസവുമുള്ള സത്യ” അംഗങ്ങളുടെ മേലുള്ള താത്കാലിക നീതികരണം, എപ്പിഫനി പാളയ സമർപ്പിതർ, ലേവ്യർ, നിധിനീമ്യർ, ഓഫേൽകുന്ന് നിഴലിലും പൊരുളിലും തുടങ്ങിയവയാണ് ഇതിലെ ഉദ്ദേശ്യങ്ങൾ. ഭൂമിയിൽ വരുവാൻ പോകുന്ന ദൈവത്തിന്റെ രാജ്യത്തിന്റെ ആനന്ദകരമായ സന്ദേശം പ്രചരിപ്പിക്കുന്നത് എപ്പിഫനി കാലത്തും തുടർന്നു, മറ്റു വിവിധ സത്യ കൂട്ടങ്ങളും മറ്റു വിഭാഗങ്ങളും പങ്കുചേരുന്നു. മുഖ്യമായും സത്യസഹോദരന്മാർ വഴിയായ ഈ പ്രചാരണത്താൽ നാമധേയ സഭാകൂട്ടങ്ങളിൽ നിന്നു പോലും ധാരാളം പേർ ഈ സന്ദേശം വിശ്വസിക്കുവാനിടയായി.

സമർപ്പിതരുടെ വിശ്വസ്തതയിലെ പ്രാപ്തിയെ മൂന്ന് കാര്യങ്ങളിൽ ദൈവം അളക്കുന്നു: (1) അവരിലെ പരിശുദ്ധാത്മാവിന്റെ വ്യത്യസ്തമായ അളവ് (2) അവരുടെ വിവിധ താലന്തുകൾ (3) അവരുടെ വ്യത്യസ്തമായ അനുകൂല സാഹചര്യങ്ങൾ. അവരുടെ ഇവയിലെ യോജിച്ച ശതമാനത്താൽ, 100% പൂർണ്ണതയെന്ന് കണക്കാക്കി, അതിലെ വിശ്വസ്തതയുടെ തോത് ദൈവം തരംതിരിവ്, ഉയർന്നതോ താഴ്ന്നതോ ആയ ഉത്തരവാദിത്വങ്ങളിൽ അവരെ പ്രതിഷ്ഠിക്കുന്നു. ആയതിനാൽ, കൂടുതലായ അളവിൽ ആത്മാവും, മെച്ചപ്പെട്ട കഴിവുകളും, കൂടുതൽ അനുകൂലമായ സാഹചര്യങ്ങളും ഉള്ളവർക്ക്, ഉത്തരവാദിത്തത്തിലെ ഉന്നത പദവികൾ നല്കപ്പെടുന്നു. ആത്മാവ്, കഴിവുകൾ, അനുകൂലമായ സാഹചര്യങ്ങൾ എന്നിവയുടെ അധികവും, കൂടുതൽ അധികവും അത്യധികമായ അളവിലുമുള്ള കൂട്ടായ ശതമാനത്തിലുള്ള ഏറ്റക്കുറവിനനുസൃതമായും ഉന്നതസ്ഥാനങ്ങൾ വ്യത്യസ്തപ്പെടാം അതായത്, വിശ്വസ്തതയിൽ കുറഞ്ഞ പ്രാപ്തിയുള്ളവർക്ക് സമാനമായ ചെറിയ സ്ഥാനങ്ങൾ നല്കുന്നതുപോലെ വിശ്വസ്തതയിൽ വ്യത്യസ്തമായ പ്രാപ്തിയുള്ളവർക്ക് ഈ മൂന്ന് കാര്യങ്ങളുടെ കൂട്ടിച്ചേർക്കപ്പെട്ട ശതമാനത്തിലുള്ള ഏറ്റക്കുറവിനനുസരിച്ച് വ്യത്യസ്ത പെട്ടുകൊണ്ട് സമാനമായ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളാണ് നല്കപ്പെടുക

ഈ ലേഖനം ഞങ്ങൾ ആരംഭിച്ചതുപോലെ വിവിധ തരം പുനഃരുത്ഥാനത്തെ പരാമർശിച്ചുകൊണ്ട് ഞങ്ങൾ അവസാനിപ്പിക്കുന്നു. സഭയുടെ (ചെറിയ ആട്ടിൻകൂട്ടം) പുനഃരുത്ഥാനമാണ് ആദ്യത്തേത്. അവരുടെ പുനഃരുത്ഥാനമാണ് ഒന്നാം പുനഃരുത്ഥാനമെന്ന് വിളിക്കപ്പെടുന്നത് (വെളി. 20:6; 1 തെസ്സ. 4:16,17), അത് ദിവ്യ പ്രകൃതിയിലേക്കാണ്. അടുത്തതായി ക്രമത്തിലുള്ള പുനഃരുത്ഥാനം മഹാപുരുഷാരത്തിന്റേതാണ് (വെളി. 7:9-17; സങ്കീ. 45:14,15), അത് ആത്മ പ്രകൃതിയിലേക്കാണ്. അതിനു ശേഷം

പുരാതന വീരന്മാരുടെയും യുവ വീരന്മാരുടെയും പുനഃരുത്ഥാനമാണ് (എബ്രാ. 11:40), നീതിമാന്മാരുടെ പുനഃരുത്ഥാനമായ (യോഹ. 5:28,29; അപ്പൊ. 24:15) ജീവനിലേക്കുള്ള പുനഃരുത്ഥാനത്തിൽ പങ്കുകാരായ അവർ ഭൗമികമായി പൂർണ്ണതയുള്ള മാനുഷിക പ്രകൃതിയുള്ളവരായിരിക്കും. പുനഃരുത്ഥാന ഉയിർപ്പിൻ കാലത്ത്, എപ്പിഫനി പാളയ സമർപ്പിതരിൽ വിശ്വസ്തർക്ക്, "നീതിമാന്മാരുടെ പുനഃരുത്ഥാനത്തിൽ" പങ്കുകാരാകുവാനുള്ള അവകാശം ലഭിക്കും. [PT 2002, P 44].

# അനുഭവങ്ങൾ
## EXPERIENCES

**"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു" (റോമ. 8:28)**

സകലവും നന്മയ്ക്കായികൂടി വ്യാപരിക്കുന്നു. എന്താണ് "സകലവും"? സാധാരണയായി നാം ക്ലേശങ്ങളും, നഷ്ടങ്ങളും രോഗങ്ങളും പോലെയുള്ള പ്രതികൂലമായ കാര്യങ്ങളെക്കുറിച്ചുമാത്രമാണ് ചിന്തിക്കുന്നത്. എന്നാൽ ഇത് ഒരു പിശകാണ്. ഈ "സകലവും" എന്നതിൽ അനുകൂലവും അതേ പോലെതന്നെ പ്രതികൂലവുമായ ജീവിതാനുഭവങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. അനുകൂലമായ കാര്യങ്ങൾ നമുക്ക് അഭിമതമായ, നമുക്ക് സന്തോഷം നൽകുന്ന പ്രസാദാത്മകമായ കാര്യങ്ങളാണ്. എല്ലാറ്റിനെക്കാളുമുപരി അവിടുത്തെ കൃപയുടെ ധനമാണ് നമ്മുടെ നന്മയ്ക്കായി പ്രവർത്തിക്കുന്ന പ്രധാന കാര്യങ്ങൾ.




### അനുകൂലമായ അനുഭവങ്ങൾ

**ഒന്നാമതായി** സത്യം - ദൈവവചനം - നമ്മുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നു. ദൈവവചനം അതിന്റെ വിവിധ ലക്ഷണങ്ങളിൽ നമ്മുടെ ഉപദേശത്തിനും പെരുമാറ്റത്തിനും വേണ്ടി നമുക്കു വളരെ സന്തോഷം നിറഞ്ഞ നിർദ്ദേശങ്ങൾ നൽകുന്നു (2 തിമൊ. 3:15-17). വാക്യം 16 – "ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു തന്നേ".

**രണ്ടാമതായി** ദൈവത്തിന്റെ ആത്മാവ് നമ്മുടെ മനസ്സുകളിലും ഹൃദയങ്ങളിലും നൽകപ്പെട്ടിരിക്കുന്നു. "മനസ്സ്" എന്നതുകൊണ്ട് ഞങ്ങൾ അർത്ഥമാക്കുന്നത് ബുദ്ധിമണ്ഡലവും അതിലടങ്ങിയിട്ടുള്ളതുമാണ്. പിന്നെ "ഹൃദയമോ" നാം താത്പര്യം വെച്ചിരിക്കുന്നവയാണ്. ആദാം പാപം ചെയ്യുന്നതിന് മുമ്പുണ്ടായിരുന്ന നിലയിലുള്ള പരിശുദ്ധാത്മാവിനെ ആത്മീയോത്പാദനം ഇല്ലാത്ത സമർപ്പിതർ പ്രാപിക്കും; അത് ഹവ്വായ്ക്ക് ഉണ്ടായിരുന്നതുപോലെ തന്നെയും; പിന്നെ യേശുവിന്റെ ബലിയിൻ ജീവിതം തുടങ്ങുന്നതിനു മുമ്പുള്ളതു പോലെയും. ആ ആത്മാവ് അവരെ നീതിയിലും സത്യത്തിലും പണിയും. അതിന്റെ ഫലമായി ക്രിസ്തീയ കൃപകൾ (ഗുണവിശേഷങ്ങൾ) അഭിവൃദ്ധിപ്പെടും.

സമർപ്പിതർക്കുള്ള **മൂന്നാമത്തെ** ഗണത്തിലുള്ള വാഗ്ദത്തങ്ങൾ ദൈവത്തിന്റെ കരുതലുകളാണ്. ദൈവം തന്റെ വചനവും ആത്മാവും മാത്രമല്ല നമുക്ക് തരുന്നത്, നമുക്കായി നന്മ പ്രവർത്തിക്കേണ്ടതിന് അവിടുന്ന് തന്റെ കരുതലുകളും നമുക്ക് നൽകുന്നു, അതെല്ലാം നമ്മോടുള്ള കൃപയാണ്. നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തിൽ ദൈവശക്തി വെളിപ്പെടുത്തി നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തി കൂടുതലായ തീക്ഷ്ണതയെ ഉത്തേജിപ്പിക്കുന്നതിനും അവ നമ്മുടെ സാഹചര്യങ്ങളെ ആകൃതിപ്പെടുത്തുകയാണ്.

**നാലാമത്തെ** കാര്യം ശുശ്രൂഷയ്ക്കുള്ള അവസരങ്ങളാണ്. ദൈവത്തെ സേവിക്കുക എന്നത് ഒരു വലിയ ആനുകൂല്യമാണ്. തീർച്ചയായും ദൈവത്തിന്റെ സ്വഭാവ ഉൽകൃഷ്ടതയും സകല മാനവജാതിക്കും വേണ്ടിയുള്ള അവിടുത്തെ പദ്ധതിയും വിലമതിക്കാം, അതുകൂടാതെ തന്റെ ജനത്തിന്റെയും ലോകത്തിന്റെ

യും നമ്മയ്ക്കായി ഒരുമനസ്സോടെ തന്നെ സേവിക്കാനമാവും. സെഫ. 3:9 - "അപ്പോൾ സകല ജാതികളും യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിച്ച് ഏകമനസ്സോടെ അവനെ സേവിക്കേണ്ടതിന്ന ഞാൻ അവർക്കു നിർമലമായുള്ള അധരങ്ങളെ വരുത്തും". ഈ പരാമർശിക്കപ്പെട്ട നാലു കാര്യങ്ങളും അനകൂലമായ പ്രധാന അനഭവങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. നാം നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാത്തതിനാൽ (എബ്രാ. 12:24) ദൈവത്തോടും ക്രിസ്തുവിനോടും നമ്മുടെ സഹോദരങ്ങളോടൊത്തുമുള്ള കൂട്ടായ്മ അനകൂലകാര്യങ്ങളിലൊന്നാണ്.




**പ്രതികൂലമായ അനുഭവങ്ങൾ**

സമർപ്പിത മക്കളെ സംബന്ധിച്ച് പ്രതികൂലമായ അനഭവങ്ങളും നമ്മുടെ വളർച്ചയ്ക്ക് ചില സംഭാവനകൾ ചെയ്യുന്നുണ്ട്. ഇവ നമ്മുടെ പാതയിൽ വരുന്ന കഠിനവും, മനസ്സിനിണങ്ങാത്തതും, അപ്രിയകരവുമായ അനഭവങ്ങളാണ്. നമ്മെ അഭിവൃദ്ധിപ്പെടുത്തേണ്ടതിന് - രാജ്യത്തിലുള്ള നമ്മുടെ സ്ഥാനത്തിനായി നമ്മെ ഒരുക്കേണ്ടതിന് അങ്ങനെയുള്ള എല്ലാ കുഴപ്പങ്ങളും നമുക്കാവശ്യമാണ്. "നാം അനേകം കഷ്ടങ്ങളിൽക്കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു" (അപ്പൊ. 14:22). "എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കാൻ മനസ്സുള്ളവർക്കു എല്ലാം ഉപദ്രവം ഉണ്ടാകും (2 തിമൊ. 3:12). കുഴപ്പങ്ങൾ തീർച്ചയായും നമ്മുടെ മേൽ വരും. എന്നാൽ ദൈവം നമുക്കായി കരുതിവെച്ചിരിക്കുന്ന സ്ഥാനത്തിന്ന വേണ്ടി നമ്മെ അഭിവൃദ്ധിപ്പെടുത്തേണ്ടതിന് നമുക്കതാവശ്യമാണ്. അത് നമ്മുടെ അദ്ധ്യയനത്തിന്റെ ഒരു ഭാഗമാണ്. നാം ക്രിസ്തുവിന്റെ പാഠശാലയിലെ വിദ്യാർത്ഥികളാണ്. നമ്മുടെ പരിശീലനം ബുദ്ധിപരമായി മാത്രമല്ല ഹൃദയപരമായും കൂടിയുണ്ട്. രാജ്യത്തിലെ കാര്യങ്ങളുടെ നിർവ്വഹണം നടത്തുവാൻ സഹായിക്കേണ്ടതിന് അങ്ങനെയുള്ള സ്വഭാവമുണ്ടാകേണ്ടതിന് അത് നമ്മെ യോഗ്യരാക്കും. എല്ലാത്തരം പ്രത്യേക തരത്തിലുള്ള ആളുകളോടും നാം ഇടപെടും, അപ്പോൾ എല്ലാത്തരം പ്രകൃതത്തിലുള്ള ആളുകളോടും നമുക്കിണങ്ങുവാനാവും.

ക്രിസ്തുവിന്റെ സഹസ്രാബ്ദ മദ്ധ്യസ്ഥ വാഴ്ചയിൽ വിശേഷിച്ചും അതിന്റെ തുടക്കത്തിൽ കടുപ്പക്കാരും തന്നിഷ്ടക്കാരുമായ ആളുകളുമായി നാം ഇടപെടേണ്ടതുണ്ട്, അതുകൂടാതെ എല്ലാത്തരം പ്രകൃതക്കാരുമായി നാം ഇണങ്ങേണ്ടതുണ്ട്. നല്ല തികവുള്ള സ്വഭാവം നമുക്കില്ലായെങ്കിൽ ദൈവത്തിന്റെ പദ്ധതിയിൽ നാം അനയോജ്യരാവുകയില്ല. ആദ്യമൊക്കെ നമ്മെ ഒരു ഉദ്യാനത്തിലെ ഇളംചെടികളെപ്പോലെ കരുതും. എന്നാൽ പിന്നീട് നമ്മെ പുറത്തുള്ള കാലാവസ്ഥയിൽ - മഞ്ഞിലും ചൂടേറിയ സൂര്യന കീഴിലും വയ്ക്കും - അത് ആവശ്യമുള്ളതായ ഗുണവിശേഷങ്ങൾ വളരുന്നതിന്ന വേണ്ടിയാണ്, എന്നാൽ ഈ കാര്യങ്ങൾ ആവശ്യമുള്ളവയാണെന്ന് പാവം മനഷ്യരാശി ചിന്തിക്കുകയില്ല. ഓ, എന്നാൽ അത് അങ്ങനെയാണ്? അനകൂലവും പ്രതികൂലവുമായ ഈ കാര്യങ്ങളെല്ലാം നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിക്കും. നാം നമ്മുടെ പരിശോധനകളെ പഴിക്കുകയാണെങ്കിൽ വിശേഷിച്ചും ദൈവത്തെ സ്നേഹിക്കേണ്ടതുപോലെ സ്നേഹിച്ചില്ലായെങ്കിൽ നാം കയ്പ്പുള്ളവരാകുവാനം പരാജയപ്പെടുവാനം അതിടയാക്കും. താഴെ പട്ടികയായി കൊടുത്തിരിക്കുന്ന ഈ ചില പ്രതികൂലമായ അനഭവങ്ങളെ പരിശോധിച്ച് അവയിൽനിന്ന് എന്തു പാഠങ്ങൾ നമുക്ക് പഠിക്കാമെന്ന് നോക്കാം.

**നഷ്ടങ്ങൾ :** ആസ്തികൾ, സുഹൃത്തുക്കൾ, വീട്ടിലെ സമാധാനം, കീഴ് വഴക്കം, സംതൃപ്തി എന്നിവയുടെ നഷ്ടങ്ങൾ. ഇവ നമ്മെ ഈ ലോകത്തിലുള്ള കാര്യങ്ങളുടെ താത്പര്യങ്ങളിൽ നിന്നും നീതി വസിക്കുന്ന വരുവാനുള്ള ലോകത്തിലെ താത്പര്യങ്ങളിലേക്ക് മാറ്റും; ഈ ലോകത്തിന്റെ ക്ഷണഭംഗുരമായ പ്രകൃതത്തെക്കുറിച്ചുള്ള പൂർണ്ണമായ അവബോധവും ദൈവം നമുക്കായി നീട്ടിയിരിക്കുന്ന കാര്യങ്ങളുടെ യഥാർത്ഥമൂല്യവും - ആ കാര്യങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ നെയ്തെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അത് നേടുവാൻ നമുക്കു നഷ്ടപ്പെട്ടിട്ടുള്ള കാര്യങ്ങൾ വിലയുള്ളതാണോ? സ്വതന്ത്ര സാന്മാർഗ്ഗിക ജീവികളെന്ന നിലയിൽ ആത്മീയമായ മൂല്യങ്ങളാണ് ഏറ്റം ഉത്തമം എന്ന് ഒടുവിൽ നാം തീരുമാനിക്കും.

**നിരാശകൾ :** നാം ചിലപ്പോഴൊക്കെ നമ്മുടെ ഹൃദയങ്ങൾ നമുക്ക് ഏറ്റവും ഉത്തമമല്ലാത്ത കാര്യങ്ങളിൽ വയ്ക്കുന്നത് കാരണം പ്രതികൂലമായ അനഭവങ്ങൾ നാം സ്വീകരിച്ചേ തീരൂ. നമ്മുടെ അപൂർണ്ണമായ

മാനുഷിക അഭിലാഷങ്ങൾ താണതലത്തിലാണെന്ന ത് നാം മറക്കും. നമ്മുടെ ഗുണത്തിനു വേണ്ടിയാണ് കർത്താവ് നമുക്ക് നിരാശകൾ അനുവദിക്കുന്നത്, അത് ചിലപ്പോൾ മക്കൾ, ഭാര്യമാർ, ഭർത്താക്കന്മാർ, മാതാപിതാക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, ബിസ്സിനസ്സ് കൂട്ടാളികൾ മുതലായവരോടുള്ള ബന്ധ ത്തിലായിരിക്കാം. അത് നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിക്കുന്നില്ലായിരുന്നെങ്കിൽ ദൈവം നമുക്കത് അയയ്ക്കുകയില്ലായിരുന്നു. ദൈവത്തിന്റെ ആഗ്രഹം നമ്മെ തകർക്കുകയെന്നതല്ല. ദൈവം അത്ര ദയയു ള്ളവനാണ്. എന്നാൽ ഈ അനുഭവങ്ങൾ നമുക്കു ണ്ടാകുവാൻ അനുവദിക്കുന്നതിന് താൻ മനസ്സുകാ ട്ടുന്നത് അതിൽ നിന്നും എന്തെങ്കിലും നന്മ നമുക്ക് ലഭിക്കുമെങ്കിലാണ്. അവിടുന്ന് അവ അനുവദിക്കും. അതിനാൽ ഒരിക്കലും തകർക്കപ്പെടാത്ത കാര്യങ്ങ ളുടെ മേൽ നാം നമ്മുടെ താത്പര്യങ്ങൾ ഉറപ്പി ക്കും. നമ്മുടെ ജീവിതങ്ങളിൽ കർത്താവിന് തന്റെ വഴികളെ അനുവദിച്ചുകൊണ്ട് അവിടുത്തെ ഇഷ്ടം പോലെ ആകട്ടെ എന്നതായിരിക്കണം എപ്പോഴും നമ്മുടെ മനോഭാവം, അതിനാൽ ഈ അപൂർണ്ണമായ ലോകത്തിന്റെ സമ്പർക്കത്തിൽ നിന്നും നമുക്കു ദൂരെ മാറാനാവും.

**കാലതാമസങ്ങൾ :** നാം ചിലത് ചെയ്യുവാൻ തുടങ്ങും. എന്നാൽ എത്ര കഠിനമായി നാം പരിശ്ര മിച്ചാലും അത് പ്രാവർത്തികമാവുകയില്ല. ഓ, തട സ്സങ്ങൾ വരുന്നു. നമ്മുടെ പദ്ധതികൾ ഒരു ദീർഘ കാലത്തേക്കു വേണമെങ്കിൽ തടഞ്ഞുവയ്ക്കപ്പെടാം. നാം തുടങ്ങും - തടസ്സങ്ങൾ നിറഞ്ഞ അനുഭവങ്ങൾ എന്തിനു അങ്ങ് ഞങ്ങൾക്കനുവദിക്കുന്നു? അവിടു ന്ന് എന്തിനു ഞങ്ങളെ കാത്തിരിക്കുമാറാക്കുന്നു? കവി പറഞ്ഞതുപോലെ "വേല ചെയ്തിട്ടു കാത്തിരി ക്കുവാൻ നമ്മെ പഠിപ്പിക്കേണ്ടതിനാണത്. നമുക്ക് ആവേശോജ്ജ്വലമായ പ്രകൃതമാണ് ഉള്ളതെങ്കിൽ, കാത്തിരിക്കുവാൻ നമുക്ക് വളരെ ബുദ്ധിമുട്ടായി രിക്കും. എന്നാൽ നാം കാത്തിരുന്നേ തീരൂ. ഹബ. 3:17,18-ലെ പാഠം നമുക്ക് പ്രയോഗിക്കാം. അതുകൂടാ തെ ദൈവത്തിന്റെ പദ്ധതി തന്റെ തികവുള്ള സമയപ്പ ട്ടികയ്ക്കനുസരിച്ചാണ് നീങ്ങുന്നതെന്ന് മനസ്സിലാക്കാം. അതിനിടയിൽത്തന്നെ നാം ആനന്ദിക്കണം; വാക്യം 18 - "എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസി ക്കും.

മനുഷ്യവർഗ്ഗത്തെ പൂർണ്ണതയിലേക്ക് തിരികെ കൊണ്ടുവരുന്നതിന് നൂറുകണക്കിന് വർഷങ്ങളെ ടുക്കുമെന്ന് തിരുവെഴുത്ത് സൂചിപ്പിക്കുന്നു; നാമെ ന്തിന് കാത്തിരിക്കണമെന്ന് അതുകൊണ്ട് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. രാജ്യത്തിൽ മനുഷ്യ വർഗ്ഗത്തെ മടക്കികൊണ്ടുവരുമ്പോൾ അങ്ങേയറ്റ മുള്ള കാര്യങ്ങളിൽ മാത്രമാണ്, ഉദാഹരണത്തിന് തിന്മയ്ക്ക് മുതിരുമ്പോൾ മാത്രമേ കൈ തളർത്തുന്നതി ന് കർത്താവ് ഇടവരുത്തുകയുള്ളൂ. എന്നാൽ ദൈവ ത്തിന് യന്ത്രങ്ങളാവശ്യമില്ല - മനസ്സോടെ നീതി പരി ശീലിക്കുകയും ദുഷ്ടത ഒഴിവാക്കുകയും ചെയ്യുന്ന ബുദ്ധിയുള്ള ജീവികളെയാണ് ദൈവത്തിനാവശ്യം. ഓരോ സമയവും എന്തെങ്കിലും തെറ്റ് ചെയ്യുമ്പോൾ തളർത്തുന്നതിലൂടെയും, അല്ലെങ്കിൽ വടി ഉപയോ ഗിച്ചുകൊണ്ടും ദൈവത്തിന്റെ തികവുള്ള രാജ്യത്തി ന് മനുഷ്യവർഗ്ഗത്തെ ലഭിക്കുകയില്ല. ദയയോടും ശാന്തതയോടും കൂടിയാണ് രാജ്യം അവരിലേക്ക് എത്തുന്നത്. കർത്താവിന്റെ ആത്മാവിനാൽ അവർ സ്വാധീനിക്കപ്പെടും. പിന്നെ അതിനായി നാം കാത്തി രുന്നേ തീരൂ.

**തടസ്സങ്ങൾ :** ഇത് വിശേഷിച്ചും അമിതമായ ഉത്സാഹത്തോടെ മുന്നേറുവാൻ ആഗ്രഹിക്കുന്ന വർക്കാണ്. അവർ തങ്ങളുടെ മേൽ നിയന്ത്രണം വെച്ചുകൊണ്ട് സ്വയ-നിയന്ത്രണം പഠിച്ചേ തീരൂ. നമ്മെത്തന്നെ നിയന്ത്രിക്കുന്നതിന് പഠിക്കുവാൻ നമുക്കു കഴിയില്ലായെങ്കിൽ വീണ്ടും വീണ്ടും കാ ര്യങ്ങൾ നാശമാക്കുവാൻ ഇടയാകുന്നതിനാൽ അപ്രകാരമുള്ള തടസ്സങ്ങൾ നമുക്കാവശ്യമാണ്. നമുക്ക് ഈ ഗുണവിശേഷമില്ലായിരുന്നുവെങ്കിൽ ദൈവികപദ്ധതിയിലെ കാര്യങ്ങളെ തീർച്ചയായും നാം നാശമാക്കുമായിരുന്നു. ദൈവവചനം നമ്മോ ടാവശ്യപ്പെടുന്നത് നമുക്കുള്ള കാര്യം കൊണ്ട് നാം സംതൃപ്തരായിരിക്കണമെന്നാണ്.

**മാറ്റിവയ്ക്കപ്പെടൽ :** ഒരൽപ്പസമയത്തേക്ക് കർ ത്താവിനാൽ ഉപയോഗിക്കപ്പെടാതിരിക്കുക എന്ന ല്ല ഞങ്ങൾ അർത്ഥമാക്കുന്നത്. ഇത് വിശേഷിച്ചും ഉത്സാഹവും, തീക്ഷ്ണതയും ആവേശവുമുള്ളവർക്ക് കഠിനമാണ്. കർത്താവ് നമ്മെ നീക്കിവയ്ക്കാൻ ഇട വരുത്തുംവിധം ചിലപ്പോൾ നാം അത്ര തീവ്രമായ വിധത്തിലേക്ക് പോകും. നാം കർത്താവിന് ഒഴി ച്ചുകൂടാനാവാത്തവരല്ല. നമ്മെകൂടാതെ തനിക്ക് മുമ്പോട്ടു പോവാനാവും. ദൈവത്തിന് ആവശ്യമുള്ള മിക്കവാറും എല്ലാം തനിക്കുതന്നെ ചെയ്യാനാവും. ഈ പ്രപഞ്ചത്തിൽ ദൈവത്തിനൊരുവൻ മാത്രമാ യി തുടരാനാവും, അവിടുന്ന് അങ്ങനെ ആഗ്രഹി ച്ചാൽ. നാം ഒഴിച്ചുകൂടാനാവാത്തവരെന്ന് നാം ചി ന്തിച്ചാൽ അഹന്ത നമ്മുടെ മുമ്പിൽ കിടക്കുന്നു. നമ്മെ കൂടാതെ തന്നെ ദൈവത്തിന് നന്നായി മു

മ്പോട്ടുപോവാനാവുമെന്ന പാഠം നാം പഠിക്കേണ്ട താവശ്യമാണ്. മാതാപിതാക്കളെ സഹായിക്കാൻ ശ്രമിക്കുന്ന കുട്ടികളെപ്പോലെയാണ് നാം. എന്നാൽ സദാസമയവും നാം ദൈവത്തിന് അത് പ്രയാസമു ണ്ടാക്കുകയാവും. മാതാപിതാക്കൾ ഒരു കുട്ടിയെ ധൈര്യപ്പെടുത്തുന്നതുപോലെതന്നെ പിതാവ് നമ്മെയും ധൈര്യപ്പെടുത്തുന്നു, കാരണം നമുക്ക് ആ പരിശീലനം ആവശ്യമാണ്. നമ്മുടെ കർത്താവായ യേശു പോലും ദൈവത്തിന് ഒഴിച്ചുകൂടാനാവാത്ത തല്ല. ചിലപ്പോൾ വിശ്രമിച്ച് സുഖം പ്രാപിക്കുവാനും പിന്നെ വിവിധ പ്രവർത്തനങ്ങളാലും, പഠനത്താലും പ്രാർത്ഥനയാലുമൊക്കെ നമ്മെത്തന്നെ ഒരുക്കാനും കർത്താവ് നമുക്കുവേണ്ടി ക്രമീകരിക്കും. നമ്മുടെ തന്നെ പ്രാധാന്യത്തെക്കുറിച്ചുള്ള മനോനില നാം തന്നെ ഒഴിവാക്കിയേ തീരൂ, പിന്നെ അങ്ങനെ നാം ചെയ്യുമെങ്കിൽ ഈ മാറ്റിവയ്ക്കപ്പെടുന്ന അനുഭവം നമുക്ക് നന്മയ്ക്കായിത്തീരും.

**വീഴ്ചകൾ :** പ്രതികൂല അനുഭവങ്ങളിൽ ചിലതൊ ക്കെ നമ്മുടെ തന്നെ വീഴ്ചകളാൽ വരുന്നതാണ്. ചില പ്പോൾ നാം ചെയ്യുന്നതായ കാര്യങ്ങൾ മറ്റുള്ളവരുമാ യുള്ള പ്രശ്നങ്ങളിലേക്ക് നമ്മെ എത്തിക്കും. നമ്മുടെ വീഴ്ചകൾ നമുക്കുവേണ്ടി നന്മയ്ക്കായി പ്രവർത്തിക്കും, കാരണം അടുത്ത തവണ കൂടുതൽ കരുതലുള്ളവരാ കുവാൻ നാം ശ്രമിക്കും. നാം കൂടുതൽ ജാഗരണവും, പ്രാർത്ഥനയും ഉള്ളവരും അതിനെതിരെ കൂടുതൽ കരുതലുള്ളവരാകുവാനും ശ്രമിക്കും. നമ്മുടെ പാ പങ്ങൾ പോലും നമുക്കായി നന്മ പ്രവർത്തിക്കും. നമ്മുടെ രക്ഷകന്റെ കൃപയുടെ ആവശ്യകത നമ്മെ മനസ്സിലാക്കുന്നതിനും നമ്മുടെ വീഴ്ചകളെ അതിജീ വിക്കുവാൻ ദൈവവുമായി കൂടുതൽ ഹൃദയപൂർ വ്വമായി നാം സഹകരിക്കേണ്ടതാവശ്യമാണെന്ന് മനസ്സിലാക്കേണ്ടതിനും അവ നമ്മെ നയിക്കും. അതിനാൽ നമ്മുടെ വീഴ്ചകളിൽ പോലും നമ്മുടെ നന്മയ്ക്കായി ദൈവം മേൽഭരണം നടത്തും. മറ്റുള്ളവ രുടെ വീഴ്ചകളുമായുള്ള നമ്മുടെ ഇടപെടലിലൂടെ സഹിഷ്ണുതയുടെയും, ദീർഘക്ഷമയുടെയും, സഹന ശീലത്തിന്റെയും പാഠം നാം പഠിക്കും. നമ്മുടെ ഹൃ ദയങ്ങളിൽ തിന്മ നിറയുകയാണെങ്കിൽ, അപ്പോൾ പ്രതികൂലമായ അനുഭവങ്ങൾ വെറുപ്പിനെ വളർത്തും; എന്നാൽ സ്നേഹം കൊണ്ട് നിറഞ്ഞിരിക്കുന്ന ഹൃദയം സഹാനുഭൂതിയും, സഹിഷ്ണുതയും, ദയയും പഠിക്കും. അതിനാൽ ഇപ്പോൾ മറ്റുള്ളവരുടെ വീഴ്ചകൾ ഇക്കാ ലത്തും ഭാവിയിലുള്ള ശുശ്രൂഷയ്ക്കും - രാജ്യത്തിലെ ശുശ്രൂഷയുടെ അവസരത്തിൽ നമുക്കാവോളവും സഹായത്തിനു വേണ്ടിയുള്ളതാവും.

**ക്ലേശങ്ങളും ഞെരുക്കങ്ങളും :** യുദ്ധങ്ങളുടെയോ അത്യാഹിതങ്ങളുടെയോ കാലഘട്ടങ്ങളിൽ നമ്മിൽ ചിലർക്ക് സാമാന്യമായ ആവശ്യകതകളുടെ കുറ വുണ്ടാവും. സാമ്പത്തിക മാന്ദ്യമോ ദാരിദ്രമോ ഉള്ള ഇടങ്ങളിലെ ചിലർ ക്ലേശങ്ങളും ഞെരുക്കങ്ങളും മൂലം വളരെയധികം വേദന അനുഭവിച്ചിരിക്കുന്നു. പിന്നെ അങ്ങനെയുള്ള അനുഭവങ്ങളെല്ലാം അവരെ കർത്താവിനോട് ചേർത്തടുപ്പിക്കാൻ സഹായിച്ചിരി ക്കുന്നുവെന്ന് ഞങ്ങൾ ശ്രദ്ധിച്ചു. എബ്രാ. 7:19 - "ന്യാ യപ്രമാണത്താൽ ഒന്നും പൂർത്തി പ്രാപിച്ചിട്ടില്ലല്ലോ - നാം ദൈവത്തോട് അടുക്കുന്നതിനുള്ള ഏറെ നല്ല പ്രത്യാശയ്ക്കു സ്ഥാപനവും വന്നിരിക്കുന്നു." ഞങ്ങൾ വിശ്വസിക്കുന്നത് കുഴപ്പകാലത്തിന്റെ തീവ്രമായ ലക്ഷണങ്ങളിൽ നമുക്ക് വിശപ്പ് അനുഭവപ്പെടാം, ദുർല്ലഭമായ ആഹാരക്രമമായിരിക്കും ഉണ്ടായിരി ക്കുക, വെളിച്ചമോ ചൂടോ കാണുകയില്ല, ജീർണ്ണിച്ച വസ്ത്രമായിരിക്കും ഉണ്ടാവുക. അതിനാൽ എന്തിന് ഇങ്ങനെയുള്ള അനുഭവങ്ങൾ അനുവദിച്ചുവെന്ന് നാം ചോദിക്കും? അതിനാൽ നാം ഏത് അവസ്ഥയിലാ യിരുന്നാലും, നാം സംതൃപ്തരാവാൻ പഠിച്ചേ തീരൂ എന്ന് ദൈവം ഉത്തരം പറയും. നമുക്ക് സമൃദ്ധിയു ള്ളപ്പോൾ കർത്താവിൽ ആശ്രയിക്കുക എളുപ്പമാണ്, എന്നാൽ നാം ഞെരുക്കത്തിലായിരിക്കുന്ന സമയം നാം അവനിൽ ആശ്രയിച്ചേ തീരൂ. ഈ വ്യവസ്ഥ കൾക്കു കീഴിൽ കയ്പ്പു കൂടാതെയും കർത്താവിന്റെ ക്രമീകരണങ്ങളിൽ സന്തോഷിച്ചും കർത്താവിന്റെ നൽഹിതത്തിന് നാം വഴങ്ങിക്കൊടുത്തേ തീരൂ.

**എതിർപ്പുകളും വിരോധങ്ങളും :** ഭർത്താക്കന്മാരും ഭാര്യമാരും തമ്മിൽ, സുഹൃത്തുക്കൾ, സഹോദര ങ്ങൾ, അയല്ക്കാർ തമ്മിലും, ചിലപ്പോൾ നമ്മോടുത ന്നെയും ഇത് ഉണ്ടാവും. നമ്മുടെ നാഡിഞരമ്പുകൾ ചിലപ്പോൾ ഈ എതിർപ്പുകൾക്കും വിരോധങ്ങൾ ക്കും എതിരായി ഉരസുമ്പോൾ അശേഷം വലിഞ്ഞു മുറുകിയും അയഞ്ഞുമിരിക്കും. വിശേഷിച്ചും നാം സ്നേഹിക്കുന്നവരിൽ നിന്നും ഇതു വരുമ്പോൾ അവ സഹിക്കുന്നതിന് വളരെ ബുദ്ധിമുട്ടാണ്. എന്നാൽ അവ വരുവാൻ കർത്താവ് അനുവദിക്കും, അതിനാൽ സകലത്തിനും മുകളിലായി ദൈവത്തിൽ നമ്മുടെ താത്പര്യം വയ്ക്കുവാനും, തുറന്നു കാട്ടപ്പെട്ട തത്വ ങ്ങൾക്ക് അനുയോജ്യമായി ജീവിക്കുവാനും നമുക്ക് പഠിക്കാനാവും. മറ്റുള്ളവരാഗ്രഹിക്കുന്നതുപോലെ നാം ചെയ്തുകൊണ്ട് വിട്ടുവീഴ്ചയ്ക്ക് നാം തയ്യാറായാൽ അവരുമായി സന്തോഷത്തോടെ നല്ല ബന്ധത്തി ലായിരിക്കുവാൻ നമുക്കാവും. എന്നാൽ എതിർപ്പു കളും വിരോധങ്ങളും നാം സഹിച്ചേ തീരൂ, അത്

വിശേഷിച്ചും ദൈവത്തോടുള്ള ഭക്തിയിൽ നമ്മുടെ കൂട്ടാളികളായവരിൽ നിന്നും ഉണ്ടാകും. കലഹത്തിന്റെ അനുഭവങ്ങൾക്കു മദ്ധ്യേ സമാധാനമന്വേഷിച്ച് അത് പാലിക്കുവാൻ നാം പഠിച്ചേ തീരൂ. കർത്താവ് പോലും ചിലർക്ക് നന്മ ചെയ്യുന്നത് തടഞ്ഞുവയ്ക്കും. കാരണം നാം അവർക്ക് ചെയ്യുവാൻ ശ്രമിച്ചതെന്തുതന്നെയായാലും കാര്യമില്ല അവർ തൃപ്തരാവുകയില്ല.

**പിരിവുകൾ :** നാം അങ്ങേയറ്റം സ്നേഹിക്കുന്ന വരായവർ തെറ്റിപ്പോവുകയും മറ്റുള്ളവരെ തെറ്റിക്കയും, ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്ത് തെറ്റ് പരത്തുകയും ചെയ്യുന്നതൊക്കെയും നാം കാണുമ്പോൾ സ്നേഹമുള്ള ബന്ധങ്ങൾ മുറിച്ചുമാറ്റുമ്പോൾ ഇവയൊക്കെയും പരിശോധനകളാണ്. പിരിയലുകളുടെയും അരിക്കലുകളുടെയും ധാരാളം പ്രതികൂലമായ അനുഭവങ്ങളുണ്ട്. ആർ നമ്മിൽ നിന്നു പിരിഞ്ഞുപോയെന്നാലും ദൈവത്തോടുള്ള ആത്മാർത്ഥതയെ വളർത്തുന്നതിനാണ് ഇവ അനുവദിക്കുന്നത്. അനുഭവം എന്ന പാഠശാലയിലാണ് ദൈവം നമ്മെ അയച്ചിരിക്കുന്നത്, പിന്നെ ആ പാഠശാലയിൽ നിന്നും നാം പരിശീലനം നേടിയേ തീരൂ. അതെ, അനുഭവമാണ് പലപ്പോഴും നമ്മുടെ ഏറ്റം നല്ല അദ്ധ്യാപകൻ.

**ശത്രുക്കൾ :** ശത്രുവിനെ സ്നേഹിക്കുവാൻ പഠിക്കുന്നതിനെക്കാളും കഠിനമായി മറ്റൊന്നുമില്ല. സത്യത്തോടും നീതിയോടുമുള്ള നമ്മുടെ ആത്മാർത്ഥത മൂലം നമ്മെ വെറുക്കുകയും എതിർക്കുകയും ചെയ്യുന്നവർ അതിലുൾപ്പെടുന്നു. നാം വിശ്വാസത്തിന്റെ നല്ല പോർ പൊരുതി, നീതിക്കുവേണ്ടി യുദ്ധം ചെയ്ത് തിന്മയ്ക്കെതിരായി യുദ്ധം ചെയ്ത് യുദ്ധോത്സുകതയും നാശോന്മുഖതയും നമുക്കുണ്ടായേ തീരൂ. നാം കരുതലോടെയിരുന്നില്ലെങ്കിൽ നാം പാപത്തിനെതിരെ പോരാടാതെ പാപിക്കെതിരെ പോരാടും. നാം പാപത്തെ വെറുത്തേ തീരൂ, പക്ഷെ പാപിയെ സ്നേഹിക്കണം. നമുക്കു ശത്രുക്കളില്ലായെങ്കിൽ നമ്മുടെ ശത്രുക്കളെ സ്നേഹിക്കുന്നത് പഠിക്കുവാൻ നമുക്കു കഴിയുകയില്ല. അതിനാൽ നിങ്ങൾക്ക് ആവശ്യത്തിനുള്ള എല്ലാ ശത്രുക്കളും ഉണ്ടാവട്ടെ എന്ന് ഞങ്ങൾ ആശംസിക്കുന്നു. മത്താ. 5:44 – "ഞാനോ നിങ്ങളോടു പറയുന്നത് : നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ." അവരെ നമുക്കയയ്ക്കുന്നത് അവരെ സ്നേഹിക്കുന്നതിനും അവരോടു ക്ഷമിക്കുന്നതിനും നമുക്കൊരവസരം നൽകുന്നതിനാണ്. ഇക്കാലത്തും രാജ്യത്തിലും നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കുവാൻ പഠിക്കണം.

**വേദനയും രോഗങ്ങളും :** നമ്മുടെ ശരീരം അടിക്കടി വേദനയും രോഗങ്ങളും, തളർച്ച, പനി, ഹൃദയ വേദന, നടുവേദന, വാതം, ദുഃഖം പിന്നെ എല്ലാ തരത്തിലുമുള്ള വേദനയും സഹിക്കും. മനുഷ്യവർഗ്ഗത്തിന്മേൽ അധികമായ രോഗവും വ്യാധിയും വരുവാൻ വീഴ്ച ഇടയാക്കി. ഇവയിൽ നിന്നും കൂടി സമർപ്പിതർ പലപ്പോഴും വേദന അനുഭവിക്കുന്നു.

ചിലപ്പോൾ ശാരീരികവും, വികാരപരവും, മാനസികവുമായ വേദനകളായിരിക്കും നമ്മുടെ ഓഹരി. അതോടൊപ്പം നമ്മുടെ നാഡീസമ്പ്രദായം അത്ര ഉയർന്ന തരത്തിൽ അഭിവൃദ്ധിപ്പെട്ടിരിക്കുന്നതിനാൽ എല്ലാത്തരം വേദനയും കഷ്ടവും ഉള്ളവരായിരിപ്പാൻ നമുക്കു കഴിയും. നാം വേദനയുള്ളവരായിരിപ്പാൻ ദൈവം അനുവദിച്ചു. ദൈവം നമ്മെ അതിൽനിന്നും മാറ്റുന്നില്ല. ദൈവം തന്റെ പ്രിയപുത്രനെ വേദനയിൽ നിന്നും തടഞ്ഞില്ല. വേദനയുടെ മദ്ധ്യത്തിൽ നാം തൃപ്തരായിരുന്നുകൊണ്ട് ദൈവത്തിന് വിട്ടുകൊടുക്കാം, എന്തുവന്നാലും "നിന്റെ ഇഷ്ടം... ആകട്ടെ." അവ നമ്മുടെ സ്വഭാവത്തെ വളർത്തുന്നതിനാൽ അവിടുന്ന് നാം പഠിക്കുവാനാഗ്രഹിക്കുന്ന കഠിനമേറിയ കാര്യങ്ങളാണവ. മൃഗങ്ങൾ മനുഷ്യരെപ്പോലെയല്ല. അവയുടെ നാഡീ സമ്പ്രദായം നമ്മിൽനിന്നും വളരെ വ്യത്യസ്തമാണ്; അവ അത്ര ലോലമല്ല.

**ഉപദ്രവങ്ങൾ :** നമുക്ക് എന്തുതന്നെ വന്നാലും നമ്മെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിച്ച്, നമ്മ ഉപദ്രവിക്കുന്നവരെ സ്നേഹിച്ച് സത്യത്തോട് നാം വിശ്വസ്തരായിരിക്കുമോ എന്ന് കാട്ടി നമ്മുടെ ആത്മാർത്ഥതയെ പരിശോധിക്കുന്നതിനു വേണ്ടിയാണ് ഇവ നമുക്ക് ദൈവം അനുവദിക്കുന്നത്. ഉപദ്രവിക്കുന്നവരില്ലായിരുന്നുവെങ്കിൽ നമുക്ക് ജയിക്കാനാവില്ലായിരുന്നു.

### പരിശോധനകൾ ക്രിസ്തീയ സ്വഭാവം വളർത്തുന്നു

എന്റെ പ്രിയ സഹോദരന്മാരേ, ക്രിസ്തീയ സ്വഭാവത്തിന്റെ എല്ലാ ലക്ഷണങ്ങൾക്കും അതിന്റെ പരിശോധനയും പ്രലോഭനവും ഉണ്ടാവുകയും, ഈ കുഴപ്പങ്ങളാൽ നാം ഉചിതമായ രീതിയിൽ പരിശീലിക്കപ്പെടുകയും ചെയ്യുകയാണങ്കിൽ നമ്മുടെ വാക്യത്തിൽ പറയുംപ്രകാരമുള്ള നന്മ നാം പ്രാപിക്കും. ഈ ആയുസ്സിൽ നമുക്ക് ഭൗമികമായ സമ്പത്തോ സ്ഥാനമാനങ്ങളോ വാഗ്ദത്തം ചെയ്യപ്പെട്ടിട്ടില്ല. നാം കഠിനമായ അനുഭവ പാഠശാലയിൽ ഒരുക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്, അതിനാൽ എക്കാലവും ദൈവത്തെ സേവിക്കേണ്ടതിന് നമ്മുടെ സ്വഭാവങ്ങൾ അനുയോജ്യമാവും. നമ്മുടെ സ്കൂൾ ദിനങ്ങളിൽ നമുക്ക് ഈ അനുഭവങ്ങൾ ലഭിക്കുന്നു, അതിനാൽ നമുക്ക് ബഹുമതികളോടെ ബിരുദധാരികളാകാനാ

വും. അദ്ധ്യാപന ഫീസ് സൗജന്യമാണ്, യേശുവിന്റെ ബലിയാൽ നമുക്കുവേണ്ടി ചെയ്തിരിക്കുന്ന ഏർപ്പാടിനായി നന്ദി പറയാം. എന്നാൽ നാം അയോഗ്യരെന്നുകണ്ടാൽ നാം ബിരുദധാരികളാവുകയില്ല, അതുകൂടാതെ ദൈവത്തിന്റെ മഹാവലിയ പദ്ധതിയിൽ നാം അപമാനഹേതുവാകും. ആവശ്യമുള്ള എല്ലാ പാഠങ്ങളും നമ്മുടെ നന്മയ്ക്കായി പ്രവർത്തിക്കുമെന്നറിഞ്ഞു കൊണ്ട് നമുക്ക് സ്വീകരിക്കാം, അതിനാൽ നമുക്ക് ബഹുമതികളോടെ ബിരുദധാരികളാവാം!

എന്റെ പിതാവിനെക്കുറിച്ച് പറയുവാൻ നിർബ്ബന്ധിതനാവുന്നതായിട്ട് എനിക്ക് അനുഭവപ്പെടുന്നു. എന്റെ പിതാവിന്റെ മരണത്തിനു മൂന്നു വർഷങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ ഒരു ബിസിനസ് സുഹൃത്ത് എന്റെ അടുക്കൽ വന്നപ്പോൾ നീ സ്നൈഡർ എന്ന ഒരാളെപ്പോലെ തന്നെയിരിക്കുന്നു എന്ന് എന്നോടു പറഞ്ഞു. അത് ഞാൻ സമ്മതിച്ചു. നിനക്ക് ജോൺ സ്നൈഡറെ അറിയാമോ എന്ന് അദ്ദേഹം ചോദിച്ചു. അതേ, അദ്ദേഹം എന്റെ പിതാവാണ് എന്ന് ഞാൻ പറഞ്ഞു. അപ്പോൾ ആ വ്യക്തി ഇങ്ങനെ പ്രതികരിച്ചു: ഇതിനേക്കാൾ സത്യസന്ധനായ ഒരു വ്യക്തിയെ ഞാൻ കണ്ടിട്ടില്ല. അതേ, മനുഷ്യന്റെയും ദൈവത്തിന്റെയും മുമ്പാകെ ഒരു പ്രസാദകരമായ സ്വഭാവം അദ്ദേഹം വളർത്തിയെടുത്തിരുന്നു.

നമുക്ക് ഒരു നല്ല സ്വഭാവമുള്ളതിനെക്കാൾ മൂല്യമായി ഒന്നുമില്ല. സ്വഭാവധനമാണ് എല്ലാ ധനത്തിലും വലുത്. ഈ വിശേഷലക്ഷണങ്ങൾ മരതകവും, രത്നവും പോലെ - ശരിയായ രത്നക്കല്ലുകൾ പോലെയാണ്. നമ്മുടെ സ്വഭാവത്തിൽ നാം നിക്ഷേപിക്കുന്ന യാതനകൾ ഒരു ചില്ലി നാണയത്തിന്റെ മൂല്യമാണ്, പിന്നെ നമുക്കതിന്റെ മടങ്ങിവരവ് എന്നത് ഒരു രത്നമാണ്. നമ്മുടെ വിഷമങ്ങളാണ് നമ്മുടെ നിക്ഷേപങ്ങൾ. നാം അവയെ ഈ പദ്ധതിയിലേക്കിട്ട് അതിന്റെ ഓഹരി വരുമ്പോൾ ഒരു ആശ്ചര്യകരമായ ആദായം നമുക്കു ലഭിക്കും. നാം നല്ലവണ്ണം ബിസിനസ്സ് ചെയ്യുന്നവരാണെങ്കിൽ അങ്ങനെയൊരു നിക്ഷേപം ചെയ്യുവാൻ നമുക്കു സന്തോഷമായിരിക്കും. ദൈവത്തെപ്പോലൊരു സ്വഭാവമായിരിക്കും നമുക്കു നേടുവാൻ കഴിയുന്ന ഏറ്റവും വിലയേറിയ കാര്യം. നമ്മുടെ ഈ സ്വഭാവത്തിന്റെ അഭിവൃദ്ധിക്കായി ദൈവം ഇതെല്ലാം ഒരുമിച്ചുചേർത്തു കൊണ്ടുവരുവാൻ ഇടയാക്കും. ദൈവത്തിന്റെ വഴികൾ മനുഷ്യരുടെ വഴികളെക്കാൾ ഉയർന്നതാണ്.

**"കർത്താവിൽ ആശ്രയിക്കുക"**

നമ്മുടെ പരിശോധനകൾ കഠിനമായി ഏറെക്കുറെ നമ്മെ താഴ്ത്തിക്കളഞ്ഞ് കാര്യങ്ങളൊക്കെ ഏറ്റവും ഘോരമാവുമ്പോൾ സകലവും നമുക്ക് എതിരായിരിക്കുന്നുവെന്ന് പലപ്പോഴും നാം ചിന്തിക്കും. എന്നാൽ ഇതിന്റെയെല്ലാം പിറകിൽ ഒരു വിശുദ്ധമായ പദ്ധതിയുണ്ട്. നാം വിശ്വസ്തരാണെങ്കിൽ നമുക്കെതിരായിട്ടാണെന്നു തോന്നിക്കുന്ന ആ കാര്യങ്ങളിൽ ദൈവം നമ്മിൽ രൂപകല്പന ചെയ്യുവാൻ ഉദ്ദേശിക്കുന്ന ഒരു കാര്യം നിർവ്വഹിക്കപ്പെടും. അത് തന്നെപ്പോലെ ഒരു സ്വഭാവത്തെ അഭിവൃദ്ധിപ്പെടുത്തുന്നതാണ്. ഒരു ചുമട് ദോഷങ്ങളാണ് നമ്മിലുള്ളത്. എന്നാൽ ദൈവം നമ്മിലുള്ള ഒരു കാര്യമാണ് നോക്കുന്നത് - നാം ദൈവത്തെ സ്നേഹിക്കുന്ന ഒരു വിശ്വാസത്തിന്റെ ഹൃദയം നമുക്കു ഉണ്ടോ എന്നാണ് ദൈവം നോക്കുന്നത്. അതിനാൽ നമ്മുടെ നന്മയ്ക്കു വേണ്ടി കാര്യങ്ങൾ ചെയ്യുന്നതിനു വേണ്ടി അവിടുന്ന് തന്റെ മനസ്സിനെ വിഭാവനം ചെയ്തിരിക്കുന്നു. തന്റെ കൈകൾക്ക് നമ്മിൽ ഒരു വലിയ വേല ചെയ്യാനുണ്ട്; എങ്ങനെയൊക്കെയായാലും കർത്താവ് നമ്മെ കൈവെടിയില്ല. നാം ആയിരിക്കുന്ന പ്രകാരം അവിടുന്ന് നമ്മെ എടുത്തുകൊണ്ട് നമ്മിൽ നിന്നും മഹത്ത്വമേറിയ കാര്യങ്ങൾ പുറത്തു കൊണ്ടുവരേണ്ടതിനു വേണ്ടി അവിടുന്ന് നോക്കും. നാം കർത്താവിങ്കൽ വരുന്നത് ഒരു കെട്ടുപിണഞ്ഞ കമ്പിളി നൂൽപ്പന്ത് പോലെയാണ്. പിന്നെ യേശു ഒരു നെയ്ത്തുകാരനെപ്പോലെയാണ്, നല്ല സ്വഭാവത്തിന്റെ ഒരു ഉരുണ്ട പന്തായി മുറുക്കി ചുറ്റാൻ തനിക്ക് സാധിക്കും വരെ താൻ ആ കമ്പിളി നൂൽപ്പന്ത് അഴിക്കുവാൻ ശ്രമിക്കും. ദൈവത്തിന്റെ നിയന്ത്രണത്തിൻ കീഴിൽ ആ ഒരു ഉദ്ദേശ്യത്തിലായിരിക്കും അതെല്ലാം പ്രവർത്തിക്കുന്നത്. അതിനായി നമ്മുടെ പ്രിയ പിതാവിനോട് മതിയായ നന്ദിയുള്ളവരാകുവാൻ നമുക്ക് ശ്രമിക്കാം. കാര്യങ്ങൾ നമുക്ക് എതിരായിട്ടാണെന്ന് തോന്നിക്കുമ്പോൾ എല്ലാം തകർന്നുപോവുന്നതായി ചിന്തിക്കരുത് - അവ എല്ലാം നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിക്കുകയാണ്. യിര. 15:16, "ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന് അനന്ദവുമായി. സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ".

**"എന്നു നാം അറിയുന്നു."**


ഇത് നമ്മോട് നിർദ്ദേശിക്കുന്നത് നമ്മുടെ വാക്യത്തിന്റെ നിറവേറലിലുള്ള ദൃഢവിശ്വാസവും ഉറപ്പും നമുക്കുണ്ട് എന്നാണ്. തന്റെ സമർപ്പിത മക്കൾക്ക് ആവശ്യമുള്ള നിർദ്ദേശങ്ങളെ ദൈവം തടഞ്ഞുവയ്ക്കില്ല. ആവ. 29:28- "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ

നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളത്; വെളിപ്പെട്ടിരിക്കുന്നവയോ... നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു. കർത്താവ് കല്പിച്ചതൊക്കെയും തക്കകാലത്ത് മനസ്സിലായിവരുന്നതാകയാൽ അത് പഠിക്കുന്നതിനും അനുസരിക്കുന്നതിനും ദൈവത്തിന്റെ പൈതൽ ശ്രദ്ധയുള്ളയാളായിരിക്കണം. ദൈവത്തിന്റെ വിളിക്കപ്പെട്ടവരിലൊരുവൻ എന്ന നിലയിൽ ദൈവത്തിന്റെ പൈതൽ പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുമ്പോൾ എത്ര അനുഗ്രഹത്തോടെയുള്ള ആശ്വാസമാണ് ഈ പാഠം നൽകുന്ന ഉറപ്പിൽ അവൻ കണ്ടെത്തുന്നത് - അത് അവന്റെ എല്ലാ താത്പര്യങ്ങളും ദിവ്യകരുതലിനും മേൽനോട്ടത്തിനും കീഴിലാണ്. പിന്നെ അവന്റെ അനുഭവങ്ങളെല്ലാം ദിവ്യനിയന്ത്രണത്തിൻ കീഴിലും. പിന്നെ ഒരു ക്രിസ്ത്യാനിയെന്ന നിലയിലുള്ള അവന്റെ അഭിവൃദ്ധിയിലേക്കാണ് അത് പ്രവർത്തിക്കുന്നത്. സാധുലോകത്തെപ്പോലെ അവരുടെ താത്പര്യങ്ങൾ എല്ലാത്തരത്തിലുമുള്ള ആകസ്മികമായതിനു വിധേയമല്ല, തന്റെ അനുഭവങ്ങളിൽ ആകസ്മികമായതൊന്നുമില്ല എന്ന് ഒരു ക്രിസ്ത്യാനിക്ക് ഉറപ്പുണ്ട്. തനിക്കു നേരിടുന്നതെല്ലാം ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും ഒരു പ്രകടനമാണെന്ന് തനിക്കറിയാം, അത് തന്റെ ജീവിതാഭിലാഷമായ ക്രിസ്തുസാദൃശ്യം നേടുന്നതിന് അവനെ സഹായിക്കും.




ദൈവത്തിന്റെ സമർപ്പിത മക്കളുടെ മേൽ വന്നു കൂടുവാൻ അനുവദിച്ചിട്ടുള്ള എല്ലാ പരിശോധനയും, എല്ലാ ഉപദ്രവവും, ജീവിതത്തിലെ എല്ലാ ബുദ്ധിമുട്ടുകളും അവരെ പരിശോധിച്ചു തെളിയിക്കുക എന്ന ഉദ്ദേശ്യത്തിലാണ് അനുവദിച്ചിരിക്കുന്നത്. എപ്പൊഴൊക്കെ ഒരുവന് കഠിനമേറിയ പരിശോധനയിലൂടെ കടക്കുവാനുള്ള ഭാഗ്യം ലഭിച്ച് ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും നിലനിറുത്തുകയും അതിൽ വിജയിക്കുകയും ചെയ്യുവാൻ കഴിയുന്നുവോ അപ്പോഴെല്ലാം നമ്മുടെ സ്വഭാവം ദൈവത്തിന് കൂടുതൽ പ്രസാദകരമാവും. ഈ ഒരു കൃത്യമായ ഉദ്ദേശ്യത്തിനു വേണ്ടിയാണ് അവിടുന്ന് നമ്മെ അച്ചടക്കത്തിന് വിധേയപ്പെടുത്തുന്നത്. ഹോ, നമ്മുടെ വിശ്വാസത്തിന്റെ ശക്തിയെ പരിശോധിക്കേണ്ടതിന് നമ്മുടെ സ്വർഗ്ഗീയ പിതാവ് നമുക്ക് അസംഖ്യം പരിശോധനകൾ നല്കുന്നു; എല്ലാ സാദ്ധ്യമായവയും ഒരുക്കുകയും ചെയ്യുന്നു. "അഴിഞ്ഞു പോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും (1 പത്രൊ. 1:7). ശിരസ്സും (മനസ്സും) ഹൃദയവുമായ രണ്ടും – മാനസിക വിലമതിപ്പും ഹൃദയപരമായ ആശ്രയവും – വിശ്വാസത്തിനാവശ്യമാണ്. അതുകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കില്ല; ദൈവത്തെ പ്രസാദിപ്പിക്കുക എന്നതാണ് അവന്റെ എല്ലാ സമർപ്പിതമക്കളുടെയും ലക്ഷ്യം. നാം നമ്മുടെ മാതൃകയായി കാണുന്നത് ക്രിസ്തുയേശു എങ്ങനെ ദൈവത്തിലുള്ള ആശ്രയവും, വിശ്വസ്തതയും, വിശ്വാസവും വെളിപ്പെടുത്തി എന്നതാണ്. ദൈവത്തിന്റെ സമർപ്പിതമക്കൾ ദൃഢവിശ്വാസത്തോടെ കാര്യങ്ങൾ അനുകൂലമാവുമ്പോൾ മാത്രം ദൈവത്തിൽ ആശ്രയംവയ്ക്കാതെ, എന്നാൽ പരിണിതഫലം അവർക്കു കാണുവാൻ സാധിക്കാതിരിക്കുമ്പോഴും അവന്റെ കരുതലുകളിൽ ആശ്രയിക്കുമെന്ന് ദൃഢനിശ്ചയം എടുത്തേ തീരൂ. എല്ലാ സമർപ്പിത മക്കൾക്കും ലൂക്കൊ. 14:27-ലെ നിർദ്ദേശങ്ങൾ പിന്തുടരാം, "തന്റെ ക്രൂശെടുത്തു കൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല"

ഈ ഒരു പഠനത്തിനുള്ളിൽ നമുക്കു അനുഭവങ്ങളുടെ ആവശ്യകതയും അഭിലഷണീയതയും വ്യക്തമായി കാണുവാൻ സാധിക്കും! ദൈവിക ഉദ്ദേശ്യം അതിൽതന്നെ കാണുന്നതായ എതിരായുള്ള അവസ്ഥകളുടെ മദ്ധ്യേയും നമ്മുടെ ആത്മാർത്ഥതയും സ്വയത്യാഗവും കാണിക്കുന്നതാണ് എപ്പിഫനി പാളയസമർപ്പിതർ എന്ന നിലയിൽ ദൈവം നല്കുന്ന ഈ അനുഭവങ്ങളോടുള്ള നമ്മുടെ സ്വീകാര്യതയെ വെളിപ്പെടുത്തുന്നതായ ഒരു വിധം. അവരുടെ ഇപ്പോഴത്തെയും ഭാവിയിലെയും ദൗത്യങ്ങൾക്കു വേണ്ടി അവരുടെ സ്വഭാവത്തെ സജ്ജീകരിച്ചു യോജ്യമാക്കുന്ന ഒരു ഭാഗമായി അവർക്ക് അത് ആവശ്യമാണ്, അതു കൂടാതെ അവരെ ജയാളിയായി തെളിയിക്കേണ്ടതിനും അവർക്ക് അത് ആവശ്യമാണ്. തന്റെ സത്യത്തെ സേവിക്കേണ്ടതിന് നമ്മുടെ അല്പമായവയെല്ലാം യാഗമാക്കുന്നതിലുള്ള നമ്മുടെ ആത്മാർത്ഥതയും വാഞ്ചയും പരിശോധിക്കേണ്ടതിന് ധാരാളം വിധങ്ങളിലുള്ള അനുഭവങ്ങൾ ദൈവം അനുവദിക്കുന്നു.




## ഹല്ലേലൂയ്യാ ഗായകസംഘവും വരുവാനുള്ള യുഗങ്ങളും

## HALLELUJAH CHORUS AND AGES TO COME

മശിഹായുടെ രാജ്യത്തിന്റെ ആയിരം വർഷ അവസാനത്തിൽ ആ വലിയ മദ്ധ്യസ്ഥൻ രാജ്യം പിതാവിനെ ഏൽപ്പിക്കും (1 കൊരി. 15:24). തന്റെ ഇച്ഛയോടുള്ള കർശനമായ അനുസരണത്തിന്റെ വഴിയിൽ ആദ്യം അവർക്ക് ഒരു പരീക്ഷ നൽകാതെ പിതാവ് മാനുഷിക കുടുംബത്തെ നിത്യജീവനിലേക്ക് സ്വീകരിക്കുകയില്ല. കൗശലപൂർവ്വം അനുസരണം കാണിക്കുന്നവരല്ല, ഹൃദയത്തിൽ തികഞ്ഞ വിശ്വസ്തർ ആരെന്നു തെളിയിക്കാൻ സാത്താൻ അൽപകാലത്തേക്ക് അഴിച്ചു വിടപ്പെടും. അതിൽ പരാജയപ്പെടുന്നവർ സാത്താനോടൊപ്പം രണ്ടാം മരണത്താൽ നശിപ്പിക്കപ്പെടും (വെളി. 20:7-9). അങ്ങനെ ഭൂമി പൂർണ്ണമായി ശുദ്ധീകരിക്കപ്പെടും. അപ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല സൃഷ്ടിയും "സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ! എന്നു ഘോഷിക്കും (വെളി. 5:13). പിന്നീട് അവിടെ രോഗമോ മരണമോ ഉണ്ടായിരിക്കുകയില്ല. പാപവും മരണവും നീങ്ങിപ്പോകും (വെളി. 21:1).

ക്രിസ്തുവിന്റെയും സഭയുടെയും മഹത്വം മനുഷ്യരാശിയുടെ യഥാസ്ഥാപനത്തോടെ അവസാനിക്കുകയില്ല. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ മുഴങ്കാലുകളും ക്രിസ്തുവിനു മുമ്പിൽ മടങ്ങുമെന്നു മാത്രമല്ല തിരുവെഴുത്തുകൾ നമ്മോടു പറയുന്നത്, "വരുവാനുള്ള യുഗങ്ങളിൽ ദൈവം തന്റെ കൃപയുടെയും സ്നേഹ ദയാവായ്പിന്റെയും അത്യധികമായ സമ്പത്ത് ക്രിസ്തു യേശുവിലൂടെ നമ്മോട് [സഭ] കാണിക്കും".

ദൈവം ഭൂമിയെ സൃഷ്ടിച്ചത് വ്യർത്ഥമായിട്ടല്ല, പാർപ്പിനാണ് എന്ന ഈ തത്വം നമ്മുടെ സൗരയൂഥത്തിലെ മറ്റ് ഗ്രഹങ്ങൾക്കും ജ്യോതിശാസ്ത്രം നമ്മോടു പറയുന്ന ആയിരക്കണക്കിനു ദശലക്ഷം മറ്റു ലോകങ്ങൾക്കും ബാധകമാണ്. അവയെല്ലാം മനുഷ്യാധിവാസ യോഗ്യമാകേണ്ടവയാണ്, നമ്മുടെ ഭൂമിയിലെ പാപാനുഭവത്തിൽ നാം പഠിച്ച കാര്യങ്ങൾ അവയിലെ മനുഷ്യരുടെ ഉപദേശമായിത്തീരുകയും ചെയ്യും. ലോഗോസ് മുൻകാലങ്ങളിലെ എന്നപോലെ ഭാവിയിലെയും എല്ലാ സൃഷ്ടിപരമായ പ്രവർത്തനങ്ങളെയും പൂർത്തീകരിക്കുന്ന ആദരണീയ പ്രതിനിധി ആയിരിക്കണം എന്നുള്ളത് ദൈവീക തീരുമാനമാണ്. തന്റെ മണവാട്ടിയായ സഭയും യേശുവിനോടൊപ്പം ഈ കാര്യങ്ങളിൽ ഉണ്ടായിരിക്കുമെന്നുള്ളതും ദൈവീക തീരുമാനമാണ്. തീർച്ചയായും നമ്മുടെ ദൈവം വലിയവനാണ്. ആരാധനയ്ക്കും അനുസരണത്തിനും സ്നേഹത്തിനും യോഗ്യനാണവൻ. "ദൈവം ഇല്ല" എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു. "കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ സകല ജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും!" – വെളി. 15:4.

## പാഠം 96

1* മശിഹായുടെ രാജ്യം എത്ര വർഷങ്ങൾ അടങ്ങുന്നതാണ്? വെളി. 20:4,6 ഖണ്ഡിക 1

2 രാജ്യത്തിന്റെ അവസാനം ആ വലിയ മദ്ധ്യസ്ഥൻ എന്ത് ചെയ്യും? 1 കൊരി. 15:24

3 പിതാവ് മാനുഷ കുടുംബത്തെ നിത്യജീവനിലേക്ക് സ്വീകരിക്കുമോ?

4 അൽപകാലത്തേക്ക് ആരെയാണ് അഴിച്ചു വിടുന്നത്?

5 തങ്ങളുടെ ജീവിതത്തിൽ പാപം തിരഞ്ഞെടുക്കുന്നവർക്കും സാത്താനും എന്ത് സംഭവിക്കും? വെളി. 20:7-9

6 അതിനു ശേഷം, ഓരോ സൃഷ്ടിയും എന്ത് ഘോഷിക്കുമെന്നാണ് ബൈബിൾ പറയുന്നത്? വെളി. 5:13

7 രോഗമോ മരണമോ പിന്നീട് അവിടെ ഉണ്ടാകുമോ?

8 തിരുവെഴുത്തുകളിൻ പ്രകാരം പാപത്തെയും മരണത്തെയും ദൈവം എന്ത് ചെയ്യും? വെളി. 21:4

9 ക്രിസ്തുവിന്റെയും സഭയുടെയും മഹത്വം മനുഷ്യരാശിയുടെ യഥാസ്ഥാപനത്തോടെ ഇല്ലാതാകുമോ? ഖണ്ഡിക 2

10 എന്താണ് തിരുവെഴുത്തുകൾ നമ്മോടു പറയുന്നത്? ഫിലി. 2:10; എഫെ. 2:7

11 എന്തിനാണ് ദൈവം ഭൂമിയെ നിർമ്മിച്ചത്? യെശ. 45:18 ഖണ്ഡിക 3

12 ഇതേ തത്വം മറ്റുള്ള ഗ്രഹങ്ങൾക്കും ബാധകമാകുമോ?

13 മറ്റുള്ള ഗ്രഹങ്ങളിലെ മനുഷ്യർക്ക് ഉള്ള നിർദ്ദേശങ്ങൾ എന്തായിരിക്കും?

14 ക്രിസ്തുവിനും തന്റെ സഭയ്ക്കും ഉള്ള ദൈവീക കൽപന (തീരുമാനം) എന്താണ്?

15 നമ്മുടെ ദൈവം എന്തിനൊക്കെ യോഗ്യനാണ്?

16 മൂഢന്മാർ ദൈവത്തെക്കുറിച്ച് എന്താണ് പറയുന്നത്? സങ്കീ. 14:1

17 ആത്യന്തികമായി സകലരും ദൈവത്തിനു മഹത്വം കൊടുക്കുമോ? വെളി. 15:4

**നക്ഷത്ര ചിഹ്നത്താൽ അടയാളപ്പെടുത്തിയിരിക്കുന്ന ചോദ്യങ്ങൾ പ്രത്യേകമായി കുട്ടികൾക്കുള്ളവയാണ്.*

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ

### പലവിധത്തിലുള്ള പുനഃരുത്ഥാനങ്ങൾ

**ചെറിയ ആട്ടിൻകൂട്ടം**

**(വെളി. 20:6)**

**മഹാ പുരുഷാരം**

**(സങ്കീ. 45:14)**

**പുരാതന വീരന്മാരും യുവവീരന്മാരും**

**(എബ്രാ. 11:40)**

**എപ്പിഫനി പാളയ സമർപ്പിതർ**

**(ലൂക്കൊ. 14:14)**

**ലോകത്തിന്റെ പുനരുത്ഥാനം**

**(നീതിമാന്മാരുടെയും നീതികെട്ടവരുടെയും)**

**(അപ്പൊ. 24:15)**

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**